# THE KUDUMBA DEEPAM.



Vol. VI.) May 1935. (No. 5.

## വിഷയവിവരം.

1. മേമാസകീർത്തനം.....................................................129.
2. അംഗ്ലേയ രക്തസാക്ഷികളുടെ മഹത്വീകരണം........... ...... ,,
3. ക്രിസ്തുവിന്റെ ഉയിർപ്പ്.............................................138.
4. കത്തോലിക്കാപ്രയത്നം ആക്ഷ സഹായത്നം..........................141.
5. പുനരുത്ഥാനഗാനം ....................................................142.
6. ഓക്സ്ഫോർഡ് പ്രസ്ഥാനം.............................................146.
7. മാതൃഗീതി.................................................................147.
8. രാജാവിന്റെ പ്രതിക്രിയ..............................................150.
9. നിങ്ങളുടെ കുടുംബം സാക്ഷാൽ ക്രിസ്തീയ കുടുംബംതന്നെയോ? 153.
10. ലോകൈകസാമ്രാജ്യം...................................................155.
11. പൊതുനിയോഗം........................................................159.

"ക്ഷമയാം തോണി കേറീട്ടു വിചാരത്തുഴ കുത്തി നീ
കുടുംബഭരണാംഭോധി സാവധാനം കടക്കുക."

# ഡോക്ടർ നിഷിമൂറ ഡി. എസ്സ്.

# ജാപ്പാനിസ് ദന്തവൈദ്യൻ.

## എറണാകുളം.



പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

## നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൯ മാസം തുടരെ ചുമക്കുവാൻ അനുവദിക്കരുതു ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തിസ്പർശംകൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക. ൨-൧൨-൦

### കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും എങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീർച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിനു ക. ൪-൮-൦

### പ്രമേഹസംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂർണ്ണസുഖമാകുന്നതാണു.

ഒരു കുപ്പിക്കു വില ക. ൪-൧൨-൦

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണു. ദോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്തോദം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു്. ‘എമ്മിന’: എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള സിദ്ധൌഷധങ്ങളും തയ്യാറുണ്ടു്. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കേറ്റുകൾ കിട്ടീട്ടുണ്ടു.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,
നമ്പ്ര് ൧൧, കോഴിക്കോടു. മലബാർ

---

## ഒരുമണിയാരാധന.

ആരാധനമണിക്കൂർ ഫലപ്രദമായി കഴിക്കുന്നതിനു ഉപയോഗിക്കത്തക്കവണ്ണം റവ. ജോസഫ് വട്ടക്കാട്ടു് അവർകൾ നവമായി ഭാഷാന്തരപ്പെടുത്തിയിട്ടുള്ള ഒരു വിശിഷ്ട ഗ്രന്ഥം. രാത്രികാലാരാധന സഖ്യത്തിൽ ചേരുവാൻ ആഗ്രഹിക്കുന്നവരും ചേർന്നിട്ടുള്ളവരും അറിഞ്ഞിരിക്കേണ്ട സകല സംഗതികളും അടങ്ങിയ റവ. ഫാദർ മാത്യു ആലക്കുളം അവർകളുടെ ഒരു ലേഖനവും ഇതിൽ ചേർത്തിട്ടുണ്ടു്.

ഒററപ്രതിക്കു $1\frac{1}{2}$ ണ. തപാൽകൂലി പുറമെ. 10-നു 2 കമ്മീഷൻ.

സൂപ്രണ്ടു്,

ലിററിൽ ഫ്ളവർ പ്രസ്സ്,

തേവര, എറണാകുളം.



Teach, oh! teach me through the day
Oft to raise my heart and say,
"Maiden Mother, meek and mild,
Guard, oh! guard Thy faithful child."

# കുടുംബദീപം.

പുസ്തകം ൬. } മേയ് ൧൯൩൫ { ലക്കം ൫.


## മേമാസകീർത്തനം.

(ശാസ്താംകോട്ട ഏ. ആൻറണി ഫെർണാണ്ടസ്.)

(നാദബിന്ദുകളാദി എന്ന രീതി.)

നാരീവംശമണിദീപമായിട്ടും മേരിയമ്മേ! ദയാനിധേ! നിന്നുടെ
താരിനൊത്ത പദമാണു മേ, തുണ സുരറാണീ!
പാവനാംഗി! സുജനങ്ങളേവരും താവകീയ വരാശിസ്സിൽ നീരാടി
ആവതുപോൽ വണങ്ങിക്കൊണ്ടാടിടും മഹനീയ
മേയഭിധകലരുന്ന മാസമാനന്ദമോടെയിവനും ഘോഷിച്ചു റിൻ
മായമററകരുണാർദ്രനാകുവാൻ വരമേക
മേരിഭക്തർ നിരാശാവശരായി പാരിലാരുമൊരുനാളുമേ കേൾക്കാ
ഭൂരിമോദനിദാനപ്രവാളമേ! നമസ്കാരം!!

---

ആംഗ്ലേയ രക്തസാക്ഷികളുടെ

## മഹത്വീകരണം.

വെരി റവ. ഫാദർ ജോൺ ബക്കമാൻസ് സി. ഡി.

൧൬-ാം ശതാബ്ദത്തിൽ ദുശ്ചരിതനായ ഹെൻറി അഷ്ടമൻ അയാളുടെ അതിരില്ലാത്ത ഭോഗാസക്തി നിമിത്തം ഇംഗ്ലണ്ടിൽ ആരംഭിച്ച വേദവിപ്ലവത്തിൽ അലംഘനീയമായ ദൈവപ്രമാണത്തെ സുരക്ഷിതമായി കാക്കുന്നതിനും റോമാ സിംഹാ

സനത്തിന്റെ പരമാധികാരം സമാദരിക്കുന്നതിനുമായി രക്തം ചൊരിഞ്ഞു സ്വായുസ്സു ബലി സമർപ്പിച്ച അനേകശതം വേദസാക്ഷികളുടെ ഗണത്തിൽ റോച്ചസ്റ്റാറിലെ കർദ്ദിനാൾ മെത്രാനായ ജോൺ ഫിഷരും ഇംഗ്ലണ്ടിലെ ലോർഡ് ചാൻസലായ സർ തോമസ് മൂറും പ്രമുഖന്മാരാണ്. പൗരോഹിത്യസ്ഥാനത്തിന്റെയും വൈവാഹിക ജീവിതത്തിന്റെയും അഭിമാനസ്തംഭങ്ങളായ പ്രസ്തുത പുരുഷകേസരികളെ ൧൩-ാം ലെയോൻ മാർപ്പാപ്പാ ൧൮൮൬-ൽ 'ധന്യന്മാർ' (Blessed) എന്നു പ്രഖ്യാപനംചെയ്തു. ഈ മേയ് മാസം ൧൯-ാം൹ ന. പരി. പിതാവു ൧൧-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു വി. പത്രോസിന്റെ ദേവാലയത്തിൽവെച്ചു അത്യാഡംബരപൂർവ്വം ഇവരെ വിശുദ്ധന്മാരെന്നു നാമകരണം ചെയ്യുവാനും സാർവ്വത്രിക സഭയുടെ വണക്കത്തിനു പ്രതിഷ്ഠിക്കുവാനും നിശ്ചയിച്ചിരിക്കുന്നു.

ജോൺ ഫിഷർ ൧൪൬൯-ൽ ബെവെർലിയിൽ ജാതനായി. അവിടത്തെ ഭദ്രാസനദേവാലയത്തോടു സംബന്ധിച്ചുള്ള പ്രാഥമിക വിദ്യാലയത്തിൽ അദ്ദേഹം പഠനം ആരംഭിച്ചു. ഇവിടെവെച്ചു ഫിഷറിനു വൈദികാന്തസ്സിലേക്കുള്ള ആകർഷണങ്ങളും തദനുസരണമുള്ള പരിശീലനവും സിദ്ധിക്കയുണ്ടായി. പിന്നീടു അദ്ദേഹം വിശ്രുതമായ കെയിംബ്രിഡ്ജ് കലാശാലയിൽ പ്രവേശിച്ചു ഉന്നത പഠനം നടത്തി, എം. എ., ഡി. ഡി. എന്ന ബിരുദങ്ങൾ സമ്പാദിച്ചു. അദ്ദേഹത്തിനു അഗാധ പാണ്ഡിത്യംനിമിത്തം പ്രചുരമായ പ്രസിദ്ധിയും ലഭിച്ചു.

കെയിംബ്രിഡ്ജ് സർവ്വകലാശാലയുടെ സന്താനങ്ങളുടെ ഇടയിൽ ഒരു മഹനീയപദം മാത്രമല്ല ഫിഷറിനു സംസിദ്ധമായിട്ടുള്ളതു്, അതിന്റെ സ്ഥാപകന്മാരിൽ ഒരാളായും അദ്ദേഹം പരിഗണിക്കപ്പെടുന്നുണ്ട്. എന്നാൽ പൗരോഹിത്യപദത്തിൽ ഉയർത്തപ്പെട്ടശേഷം മാതൃകായോഗ്യനായ ഒരു പട്ടക്കാരന്റെയും, പിന്നീടു തീക്ഷ്ണതയേറിയ ഒരു മെത്രാന്റെയും നിലയിൽ അദ്ദേഹത്തിനു ലഭ്യമായ സ്ഥാനം അന്യാദൃശമാണ്. അദ്ദേഹം ലോകരക്ഷകന്റെയും അവിടുത്തെ വിശുദ്ധ ജനനിയുടെയുംനേ

ക്കു പ്രദർശിപ്പിച്ചിരുന്ന അതീവമായ ഭക്തിയും, അനുഷ്ഠിച്ചിരുന്ന താപസജീവിതവും, സാധുക്കൾക്കു ചെയ്തുകൊടുത്തിരുന്ന കരുണാകൃത്യങ്ങളും, ധർമ്മപാലനത്തിനായി നടത്തിവന്നിരുന്ന ധീരപോരാട്ടവും നിമിത്തം തോമസ് മൂർതന്നെ ഇപ്രകാരം പ്രകീർത്തിച്ചിരിക്കുന്നു. "ജ്ഞാനത്തിലൊ, പാണ്ഡിത്യത്തിലൊ, സുസ്ഥിരമായ ധാർമ്മികജീവിതത്തിലൊ അദ്ദേഹത്തോടു കിടപിടിക്കയൊ, തുലനം ചെയ്യപ്പെടുകയൊ ചെയ്യുന്ന ഒരുത്തനും ഈ രാജ്യത്തിൽ ഇല്ല."

ഈ വിശുദ്ധ മെത്രാൻ തൻെറ നാമകാരണനായ സ്നാപകയോഹന്നാൻെറ ശിരച്ഛേദനപടം സ്വന്ത മുറിയിൽ എല്ലായ്പോഴും വെച്ചു വന്നിരുന്നു. ഇവർ തമ്മിൽ നാമം കൊണ്ടുണ്ടായിരുന്ന ബന്ധം ശിരച്ഛേദന ബലിയിലാണ് പൂർത്തിയാക്കപ്പെട്ടത്. ഇരുവരും വിവാഹം എന്ന കൂദാശയുടെ വിശുദ്ധി സമാദരിക്കുന്നതിനുവേണ്ടി ധീരധീരം പോരാട്ടം നടത്തി. തന്നിമിത്തം കാമാതുരന്മാരായ ധരണീശ്വരന്മാരാൽ ഇരുവരും ശിരച്ഛേദനം ചെയ്യപ്പെട്ടു.

തോമസ് മൂർ കുടുംബജീവിതത്തിൻെറ ആദർശവും അലങ്കാരവുമത്രെ. ശാസ്ത്രപടുവായ ഇദ്ദേഹം ൧൪൭൮-ലാണ് ഒന്നാമതായി സൂര്യപ്രകാശം ദർശിച്ചത്. പിതാവായ ജോൺ മൂർ ഒരു ബാറിസ്റ്ററും പിന്നീടു ജഡ്ജിയുമായി കീർത്തി സമ്പാദിച്ചു. തോമസ് ൧൩-ാമത്തെ വയസ്സിൽ കാൻറാർബറി മെത്രാപ്പോലീത്തായായിരുന്ന മൊർട്ടൻ കർദ്ദിനാളൻെറ സംരക്ഷണത്തിൽ ഏല്പിക്കപ്പെട്ടു. അവിടെവെച്ചു മൂർ പ്രദർശിപ്പിച്ച അസാമാന്യ ബുദ്ധിസാമർത്ഥ്യവും സ്വഭാവ വൈശിഷ്ട്യതയും നിമിത്തം എല്ലാവരുടെയും അഭിനന്ദനപാത്രമായിത്തീൎന്നു. പിന്നീടു ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ ഉന്നത വിദ്യകളും, ലിങ്കോൺസ് ഇന്നിൽ (Lincon's Inn) നിയമപരിശീലനവും സമ്പാദിച്ചു. സാഹിത്യം, നിയമജ്ഞാനം, തത്വം, വേദാന്തം എന്നീ വിവിധ കലകളിലും അദ്ദേഹത്തിനു അദ്വിതീയ സ്ഥാനമുണ്ടായിരുന്നു. ഗ്രീക്കു, ലത്തീൻ എന്നീ ഉൽകൃഷ്ടഭാഷകളിലും അസാമാന്യപാടവം സ

മ്പാദിച്ചു. പദ്യത്തിലും ഗദ്യത്തിലും ഒരുപോലെ രചനാവാസനയും പ്രാവീണ്യവുമുണ്ടായിരുന്നു. ആധുനിക ആംഗ്ലേയ സാഹിത്യത്തിന്റെ ജനയിതാക്കളിൽ ഒരുവനായി മൂർ ഗണിക്കപ്പെട്ടിട്ടുണ്ട്. ഉട്ടോപ്പിയ (Utopia) തുടങ്ങി അദ്ദേഹം എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ വളരെയാണ്. കൂടാതെയും സംഗീതത്തിലും വീണവായനയിലും അയാൾ സാമർത്ഥ്യം പ്രദർശിപ്പിച്ചു. തോമസ് മൂറിന്റെ നാമവും കീർത്തിയും ഇംഗ്ലണ്ടിൽ മാത്രമല്ല മററു രാജ്യങ്ങളിലും ഉത്തരോത്തരം പ്രചരിച്ചു പ്രശസ്തി പ്രാപിച്ചുകൊണ്ടുവന്നു. മഹാനായ എറാസ്മൂസ് (Erasmus) മൂറിന്റെ ആപ്തമിത്രവും സ്തുതിപാഠകനുമാണ്. അദ്ദേഹം പറയുന്നതു 'പ്രകൃതിവിലാസവും പ്രസാദവരങ്ങളും മൂറിൽ കളിയാടിയിരുന്നു. അയാൾക്കു തുല്യനായി ഇംഗ്ലണ്ടിൽ ആരും ഉണ്ടായിരുന്നില്ല. അയാളെ കണ്ടിരുന്നവരിൽ ഒരുത്തനെങ്കിലും അയാളെ സ്നേഹിക്കാതിരുന്നില്ല' എന്നാണ്. മൂറിനെയും ഫിഷറിനെയും തന്റെ രാജ്യത്തിനു ലഭിക്കയാണെങ്കിൽ താൻ എന്തു ത്യാഗവും ചെയ്യുവാൻ സന്നദ്ധനാണെന്നു സ്പെയിനിലെ മഹാരാജാവായ അഞ്ചാം കാർളോസു പറഞ്ഞുവന്നിരുന്നു.

തോമസ് മൂർ പ്രാർത്ഥനയിലും സുകൃതജീവിതത്തിലുമാണ് സർവ്വോപരി ശ്രദ്ധപതിച്ചിരുന്നതു്. പ്രകൃതിദത്തമായ സന്തോഷഭാവവും ഫലിതോക്തികളും അയാളുടെ ജീവിതമാഹാത്മ്യം കണ്ടുപഠിപ്പാൻ അന്യരിൽ കൗതുകം ജനിപ്പിച്ചു. ജീവിതാന്തസ്സു തിരഞ്ഞെടുക്കുന്നതിനായി അദ്ദേഹം ദീർഘപ്രാർത്ഥനകളും പ്രായശ്ചിത്തങ്ങളും നടത്തി. ശരീരപീഡനത്തിനായി ധരിച്ചിരുന്ന കട്ടത്ത കമ്പിളിച്ചട്ട മരണത്തിന്റെ തലേദിവസമാണ് സ്വപുത്രിക്കു അയച്ചുകൊടുത്തതു്. ദൈവഹിതം അനുസരിച്ചു വിവാഹാന്തസ്സാണു കൈവരിച്ചതു്. അതിൽ മാതൃകായോഗ്യനായ ഭർത്താവിന്റെയും, അനുകരണീയനായ കുടുംബപിതാവിന്റെയും നിലയിൽ അദ്ദേഹം കത്തോലിക്കാലോകത്തിനു ഇന്നും ദീപ്തിമത്തായ മാർഗ്ഗസ്തംഭമാകുന്നു എന്നു ൧൧-ാം പീയൂസു മാർപ്പാപ്പാ ഉൽഘോഷിച്ചിരിക്കുന്നു.

മൂറിന്റെ കുടുംബജീവിതത്തിൽനിന്നും അനേകം ജീവിതതത്വങ്ങൾ ഇന്നും ദാമ്പത്യജീവിതം അവലംബിക്കുന്നവർ അഭ്യസിക്കേണ്ടതായിട്ടുണ്ട്. ദൈവസേവനമായിരുന്നു അദ്ദേഹം ഐഹികജീവിതത്തിനു കല്പിച്ച പരമോദ്ദേശ്യം. ഉന്നതസ്ഥാനാധികാരങ്ങൾ പ്രാപിച്ചശേഷവും സ്വപിതാവിന്റെനേരെ അദ്ദേഹം പ്രദർശിപ്പിച്ചിരുന്ന ഭക്തി ഏററം പ്രശംസാവഹംതന്നെ. തന്റെ ഗുണവതിയായ ആദ്യത്തെ ഭാര്യയോടും, ലോകബുദ്ധിയായ രണ്ടാമത്തെ ഭാര്യയോടും എങ്ങിനെ പുരുഷധർമ്മം അദ്ദേഹം നിറവേററിയെന്നു ചരിത്രം സാക്ഷ്യംവഹിക്കുന്നു. സ്വഭാവത്തിലും ആദർശത്തിലും തന്നിൽനിന്നു വളരെ വ്യത്യാസപ്പെട്ട രണ്ടാമത്തെ ഭാര്യയോടു അദ്ദേഹം ഒരു വാക്കെങ്കിലും മര്യാദയില്ലാതെ സംസാരിക്കയോ, ഒരിക്കലെങ്കിലും കോപം കാണിക്കയോ ചെയ്തിട്ടില്ലായെന്നു പറയുന്നതിൽനിന്നും അയാളുടെ ജീവിതമാഹാത്മ്യം ഏതാണ്ടു പ്രത്യക്ഷപ്പെടുന്നുണ്ട്. അവളെ സ്വദൃഷ്ടാന്തത്താലും മാധുര്യ സംസാരത്താലും ഗുണീകരിക്കുകയാണ് ചെയ്തതു്. സ്വസന്താനങ്ങളെ ആർദ്രമായി സ്നേഹിച്ചിരുന്ന പിതാവ് എങ്ങിനെ സ്വഭാവപക്ഷങ്ങൾ ദിവ്യസ്നേഹച്ചൂളയിൽ ഹോമിച്ചു എന്നു മാർഗ്ഗരെററും മൂകമായി അഭിനയിച്ച ജീവിതനാടകം ഏവരെയും മനസ്സിലാക്കുന്നതാണ്. സ്വഭാര്യയായ അലീസു കാരാഗൃഹത്തിൽ പൂട്ടപ്പെട്ടിരുന്ന ഭർത്താവിന്റെ പക്കൽ ചെന്നു മഹാരാജാവിന്റെ അഭീഷ്ടം സമ്മതിച്ചുകൊടുത്തു 'ചെൽസി'യിലെ ആനന്ദപ്രദമായ സ്വഭവനത്തിലേക്കു പിന്തിരിയണമെന്നു തോമസിന്റെ കാല്ക്കൽ കേണുവീണു യാചിച്ചപ്പോൾ അദ്ദേഹം സുസ്മേരവദനനായി, 'പ്രിയെ' ചെൽസിയിലെപ്പോലെ തന്നെ ടൗവ്വറിയിൽനിന്നും, സ്വർഗ്ഗത്തിലേക്കു പോകുവാൻ എളുപ്പമാണല്ലോ എന്നാണ് ഉച്ചരിച്ചതു്. വീണ്ടും അവൾ അദ്ദേഹത്തിന്റെ അരുമ സന്താനങ്ങളായ കുഞ്ഞുങ്ങളെ കാണിച്ചുകൊണ്ടു നൃപകേസരിയുടെ തിരുവുള്ളക്കേടിൽ ഉൾപ്പെടുക നിമിത്തം സ്വത്തുക്കൾ എല്ലാം കണ്ടുകെട്ടപ്പെട്ടുപോയെന്നും, താനും കുഞ്ഞുങ്ങളും പട്ടിണിക്കാധാരമായിത്തീർന്നെന്നും ഓർപ്പിച്ചു, മററുള്ളവർ

ചെയ്യുന്നതുപോലെ ബുദ്ധിപൂർവ്വം രാജസേവനശപഥം ചെയ്തു പൂർവ്വപ്രതാപം പ്രാപിക്കണമെന്നു നിർബന്ധിച്ചപ്പോൾ അദ്ദേഹം ഇപ്രകാരമാണു് മറുപടി നല്കിയതു. 'അലീസേ, നമുക്കിനി ലൗകിക പ്രതാപങ്ങളിൽ കളിയാടി ജീവിപ്പാൻ എത്രവർഷം ശേഷിച്ചിട്ടുണ്ടെന്നാണു നീ കരുതുന്നതു് ?' അതിനു 'ഇരുപതു വർഷം നമുക്കു ആശിക്കാം' എന്നാണു അവൾ പ്രത്യുത്തരം പറഞ്ഞതു്. അദ്ദേഹം ഉടനെ തുടൎന്നു പറയുന്നു 'അല്ലയൊ പ്രേയസി, ഇരുപതു വർഷത്തെ ഐഹികഭാഗ്യത്തിനുവേണ്ടി സനാതനമോക്ഷാനന്ദം കൈവെടിയുന്നതു യുക്തമാണോ ?'

'ഹൊ, പെണ്ണത്തം' എന്നവൾ പിറുപിറുത്തെങ്കിലും, പിന്നീടു ആ രത്നോപദേശത്തെപ്പററി അവൾ ചിന്തിക്കാതിരുന്നില്ല.'

ജീവിതവ്യവഹാരങ്ങളിൽ സ്ഥാനവും മാനവും ഒന്നിനുപുറമെ ഒന്നായി മൂറിനെ അനുയാനംചെയ്തിരുന്നു. മഹാനായ വൂൾസി (Wolsey) യുടെയും ഹെൻറി സാമ്രാട്ടിൻെറയും ആപ്തമിത്രമായിത്തീൎന്നു നമ്മുടെ കഥാനായകൻ. രാജാവു സെൽസിയിലുള്ള മൂറിൻെറ ഭവനത്തിൽ സ്വയമെചെന്നു പലപ്പോഴും സല്ക്കാരങ്ങൾ സ്വീകരിക്കയും, അയാളുടെ കഴുത്തിൽ കെട്ടിപ്പിടിച്ചുകൊണ്ടു ദീർഘനേരം തോട്ടത്തിൽ നടന്നു സുഹൃൽ സംഭാഷണങ്ങൾ നടത്തുകയും ചെയ്തിരുന്നതു എല്ലവൎക്കും ആശ്ചര്യമുളവാക്കിയിരുന്നു. ഈ ഭവനം പിന്നീടു ഹെൻറിയുടെ കോപത്തിനു വിഷയമായിത്തീൎന്നെങ്കിലും, ഇന്നു അവിടെ സ്വൎഗ്ഗരാജനായ ദിവ്യകാരുണ്യഈശൊ സദാ മനുഷ്യരോടു സ്നേഹസംഭാഷണം ചെയ്തുകൊണ്ടിരിക്കുന്ന വി. കുൎബ്ബാനയുടെ ആരാധനക്കപ്പേളയായി രൂപാന്തരപ്പെട്ടിരിക്കുന്നു. 'ദൈവം എൻെറ ഭവനം സ്വീകരിക്കും' എന്നു മരണത്തിനുമുമ്പായി മൂർ ചെയ്തിട്ടുള്ള പ്രവചനം ഇപ്രകാരം നിവൎത്തിയായി.

കർദ്ദിനാൾ വൂൾസിയുടെ അനന്തരഗാമിയായി 'ലോർഡുചാൻസലർ' എന്ന അത്യുന്നത സ്ഥാനത്തിലേക്കു തോമസ്മൂർ ഹെൻറി എട്ടാമനാൽ ഉയൎത്തപ്പെട്ടു. ഇംഗ്ലണ്ടിൽ ഈ മഹനീ

ഈ പദത്തിൽ ഇദംപ്രഥമമായി ആരോഹണം ചെയ്ത ലൗകിക
ൻ ഇദ്ദേഹംതന്നെയാണ്. ഇന്നു യൂദന്മാർക്കുപോലും അനുവദിക്ക
പ്പെട്ടിട്ടുള്ള ഈ സ്ഥാനം കത്തോലിക്കർക്കു പൂട്ടപ്പെട്ടാണിരിക്കുന്ന
ത്. തോമസ്മൂർ ലോകഭാഗ്യത്തിൻെറ ഉച്ചിയിൽ എത്തി. അ
യാഠം ലോകത്തിനു അധീനനല്ലായിരുന്നു എന്നു തെളിയിക്കേ
ണ്ട കാലവും ആസന്നമായി.

ലൂത്തെർ പ്രോട്ടസ്റ്റാൻറു മതവിപ്ലവം ആരംഭിച്ചപ്പോൾ
ഹെൻറി രാജൻ അതിനെ ശക്തിയുക്തം എതിർത്തു. മതദ്രോ
ഹികളു വിരോധമായി കത്തോലിക്ക വിശ്വാസം ആദരിപ്പാൻ
വേണ്ടി "ലൂത്തെറിനു എതിരായി ഏഴു കൂദാശകളുടെ സ്ഥിരീ
കരണം" എന്ന അഭിധാനത്തിൽ ഒരു വിശിഷ്ടഗ്രന്ഥം രചിച്ചു
൧൦-ാം ലെയോൻ മാർപ്പാപ്പാക്കു ൧൫൨൧-ൽ ഹെൻറി സമർപ്പി
ച്ചു. ബാത്തിലെ മെത്രാനായ ജോൺ ക്ലാർക്കിനെ ഇതിനുവേണ്ടി
മാർപ്പാപ്പായുടെ പക്കൽ രാജാവു തൻെറ സ്ഥാനപതിയായി അ
യക്കുകയും, തദവസരം അദ്ദേഹത്തിൻെറ നാവു മുഖേന ഇപ്ര
കാരം തിരുമനസ്സറിയിക്കയുംചെയ്തു: "എൻെറ ഇംഗ്ലണ്ടു് ദൈ
വസേവനത്തിലും, ക്രിസ്തീയ വിശ്വാസത്തിലും, എത്രയും പരി
ശുദ്ധ റോമാസഭയോടുള്ള ആജ്ഞാനുസരണത്തിലും സമീപസ്ഥ
ങ്ങളായ യാതൊരു ജനതക്കും, അല്ല, റോമാക്കുകൂടിയും മുൻസ്ഥാ
നം കൊടുത്തിട്ടില്ല." (Codex Vaticanus 5313 fol. 13 seq.)
പ്രസ്തുത പുസ്തകത്തിൻെറ നിർമ്മാതാവ് ബിഷപ്പ് ഫിഷർ ആ
ണെങ്കിൽ, ലൂത്തെർ അതിനു പ്രത്യാഖ്യാനം പുറപ്പെടുവിച്ച
പ്പോൾ അവൻെറ വാദങ്ങളെല്ലാം ഖണ്ഡിച്ചതു് തോമസ് മൂറാ
യിരുന്നു. ഈദൃശ മതപ്രസക്തിയുടെ കൃത്യങ്ങൾ കണ്ടു സംതൃപ്ത
നായ ലെയോൻ പാപ്പാ ഹെൻറി രാജാവിനു 'വിശ്വാസ സംര
ക്ഷകൻ' (Defensor Fidei) എന്ന ഔന്നത്യസ്ഥാനം കല്പിച്ചു
നൽകി. ആംഗ്ലേയകിരീടധാരികൾ അഭിമാനപൂർവം ഇന്നും രാ
ജാവെന്ന നാമം കഴിഞ്ഞാൽ രണ്ടാം സ്ഥാനത്തു, ചക്രവർത്തി പ
ദത്തിനുമുമ്പായി ഉൽഘോഷിക്കുന്ന സ്ഥാനപ്പേർ ഇതാകുന്നു.
൧൮൨൦-ൽ ജോർജ്ജ് ചക്രവർത്തി വർത്തിക്കാൻ സന്ദർശിച്ച അ

വസരത്തിൽ, ഇംഗ്ലീഷ് മതപരിവത്തനത്തിൻെറ പ്രസിദ്ധ ച രിത്രകത്താവായ കാർഡിനൽ ഗാസ്ക്കെ (C. Gasquet) പ്രസ്തു ത സ്ഥാനദാനത്തിൻെറ ഔദ്യോഗിക രേഖകഠം തിരുമനസ്സി നെ കാണിക്കുകയുണ്ടായി. അപ്പോഠം ചക്രവത്തി പുഞ്ചിരി തൂ കികൊണ്ടു 'സ്ഥാനപ്പേരിൻെറ അത്ഥത്തിൽ കുറെ വ്യത്യാസം വന്നിട്ടുണ്ടെങ്കിലും ഞാൻ അതു ഇപ്പോഴും അഭിമാനജനകമായി ത്തന്നെ കരുതിയിരിക്കുന്നു' എന്നു മറുപടി പറഞ്ഞു.

൧൫൩൦-ൽ വിഷയാലംമ്പടനായ ഹെൻറി കത്തോലിക്കാ സഭയെ മർദ്ദിക്കുന്നതിനു അരയും തലയും മുറുക്കി നില്ക്കുന്നതാ യിട്ടാണു് നാം കാണുന്നതു്. ഹാ, കഷ്ടം! പട്ടമഹിഷിയായ കാ ത്തറീൻ രാജ്ഞിയെ ബഹിഷ്ക്കരിച്ചു കാമിനിയായ ആൻബോ ലിനെ പരിഗ്രഹിക്കുന്നതിനു അവൻ തീച്ചയാക്കി. ഈ ദുരുദ്ദേ ശം സാധൂകരിക്കുന്നതിനു റോമാസിംഹാസനം വഴിപ്പെടുക യില്ലെന്നു കണ്ടപ്പോഠം നിയമദ്രഷ്ട്യാ അതു നീതീകരിപ്പാനായി പാർലിമെണ്ടു സഭയിൽ ഒരു ബിൽ അവതരിപ്പിച്ചു. അതിനെ ത്തുടൻ ആംഗ്ലേയസഭയിലെ പരമാധികാരവും തനിക്കുതന്നെ അപഹരിച്ചെടുക്കുന്നതിനും റോമാസഭയോടുള്ള ബന്ധം ഖ ണ്ഡിക്കുന്നതിനുമായി വേറൊരു ബില്ലും ഹാജരാക്കി. ഈ അപ രാധകൃത്യങ്ങഠംക്കു വോട്ടുചെയ്തു സഹകരിക്കായ്ക നിമിത്തം ഫി ഷറിനെപ്പോലെ മൂറും ലണ്ടൻ ടൗവറിലെ കാരാഗൃഹത്തിൽ അ ടക്കപ്പെട്ടു. അവിടെ രണ്ടുപേരും ദുസ്സഹങ്ങളായ മദ്ദനങ്ങഠം അ നുഭവിച്ചു. ഈ സമയത്താണു് ഫിഷറിനു റോമാ മാപ്പാപ്പാ ക ർദ്ദിനാഠം സ്ഥാനം നൽകിയതു്. ഈ സംഭവം കേട്ടപ്പോഠം സ്വേച്ഛാപ്രമത്തനായ ഹെൻറി, കർദ്ദിനാളിൻെറ 'തൊപ്പി' ഇം ഗ്ലണ്ടിലേക്കു അയക്കണ്ടാ ഫിഷറിൻെറ തല റോമായിലേക്കയ ക്കാമെന്നാണു് അട്ടഹസിച്ചതു്. ഒടുവിൽ ൧൫൩൫ ജൂൺ ൨൨-ാംനു ജോൺ ഫിഷറും, ജൂലായി ൬-ാംനു തോമസ് മൂറും ശിരച്ഛേദനം ചെയ്യപ്പെട്ടു. തങ്ങഠം രാജാവിനും രാജാവിനെ ക്കാഠം ക്രൂടുതലായി ദൈവത്തിനും അനുസരണയുള്ളവരാണെ ന്നും, ഘാതകന്മാരോടു ഹൃദയപൂവം ക്ഷമിക്കുന്നെന്നും, ഇംഗ്ലണ്ടി

ന്നവേണ്ടി ദൈവാനുഗ്രഹം പ്രാത്ഥിക്കണമെന്നമാണ് ഈ മഹാത്മാക്കൾ ചെയ്ത അന്തിമ പ്രസ്താവന.

നമ്മുടെ രക്തസാക്ഷികൾ ഇരുവരും ദൈവത്തിന്റെയും സഭയുടെയും അവകാശങ്ങൾ പാലിക്കുന്നതിനായി സ്വായുസ്സിനെ പൂജിച്ചിട്ട് ൪ ശതാബ്ദങ്ങൾ പൂർത്തിയാകുന്നതു ഈ വർഷത്തിലാണ്. ഈ വർഷത്തിൽ തന്നെയാണ് ജോർജ്ജ് ചക്രവർത്തിയുടെ ഭരണത്തിന്റെ രജതജൂബിലി ബ്രിട്ടീഷ് സാമ്രാജ്യത്തിൽ കെങ്കേമമായി നാം ആഘോഷിക്കുന്നതു്. ഇതുതന്നെയാണ്, ഫാ. പിതാവു പറയുന്നതുപോലെ, ആംഗ്ലേയജനതയുടെ അഭിമാനസ്തംഭങ്ങളായ പ്രസ്തുത വിശുദ്ധന്മാരുടെ മഹത്വീകരണത്തിനായി ദൈവം നിശ്ചയിച്ചിട്ടുള്ള സമുചിതമായ സമയം. 'ലണ്ടൻ ടൈംസു' തുടങ്ങിയ പ്രോട്ടസ്റ്റാൻറു പത്രങ്ങൾ ഇത്തരുണത്തിൽ തോമസ് മൂറിനെ ആംഗ്ലേയ വംശത്തിന്റെ അലങ്കാരമായി പ്രകീർത്തിക്കയും ഹെൻറി എട്ടാമനെ അവരുടെ രാജസിംഹാസനം മലിനീകൃതമാക്കിയ മനുഷ്യകീടമായി ചിത്രിക്കയും ചെയ്തിരിക്കുന്നതു ചിന്തകന്മാർക്ക് ആലോചനാവിഷയമായിരിക്കേണ്ടതാണ്.

ദൈവം അവിടുത്തെ വിശുദ്ധന്മാരിൽ മഹത്വവാൻ ആകുന്നു എന്നും, അവിടുത്തെ വിശുദ്ധന്മാരുടെ സ്തുതി നിതാന്തമാകുന്നു എന്നുമുള്ള വേദവാക്യങ്ങൾ എത്രയോ അർത്ഥവത്തായി നാം ഇവിടെ കാണുന്നു !

നോർഫോക്കു പ്രഭുവും, പ്രഭ്വിയും, മററനേകം പ്രഭുക്കന്മാരും സാധാരണന്മാരും സിദ്ധനായ തോമസ് മൂറിന്റെ അനന്തരഗാമികളായി ഇന്നു ജീവിക്കുന്നുണ്ട്. ഫിഷറിന്റെ രക്തസംബന്ധികളുടെ സംഖ്യയും കുറവല്ല. ഇവരിൽ പലരും ആംഗ്ലിക്കൻ സഭാംഗങ്ങളും അതിലെ വൈദികരുമാണ്. പീയൂസ് മാർപ്പാപ്പായുടെ ഗാംഭീര്യമേറിയ വാക്കുകൾകൊണ്ടുതന്നെ ഈ ലേഖനം നമുക്കു ഉപസംഹരിക്കാം. "രക്തസാക്ഷികൾക്കു നാം മംഗളമാല്യം ചാർത്തിയാൽമാത്രം പോരാ അവരെ അനുകരിക്കകൂടി ചെയ്യണം. ജോൺ ഫിഷറിന്റെയും തോമസ്മൂറിന്റെയും മാതൃകാനു

സ്മരണം ഈ കാലത്തിൽ എല്ലാവരും തന്റെ ജീവിതത്തിലും, ഉദ്യോഗനിർവ്വഹണത്തിലും, സമുദായസേവനത്തിലും, രാജഭക്തിയിലും, വിജയശ്രീ നമ്മെ തലോടുമ്പോഴും, പീഡകൾ നമ്മെ ദുഃഖാബ്ധിയിൽ മുക്കിത്താഴ്ത്തുമ്പോഴും ദൈവകല്പന ആജീവനാന്തം നിർവ്വഹിക്കട്ടെ"

# ക്രിസ്തുവിന്റെ ഉയിർപ്പു.

(ഫാദർ തോമസ് മൂഞ്ഞേലി.)

പാരത്രികജീവിതം നിഷിദ്ധമാണെങ്കിൽ, ക്രൈസ്തവമതത്തിന്റെ അസ്ഥിവാരംതന്നെ അധഃപതിക്കും. മരണാനന്തരജീവിതമില്ലെങ്കിൽ, ക്രൈസ്തവമതത്തിന്നെതിരായി ബോംഷെവിസം ചെയ്യുന്ന സമരം സ്വീകാര്യമാണു്. ഭവിഷ്യജ്ജീവിതമില്ലെങ്കിൽ, ക്രൈസ്തവമതത്തിന്നെതിരായി സ്ഥിതിസമത്വവാദികൾ നടത്തുന്ന വാദങ്ങളും നിഷേധ്യമല്ല. ക്രൈസ്തവമതത്തിന്റെ അസ്ഥിവാരംതന്നെ അമർത്ത്യതയാണു്. അതു നിഷിദ്ധമാണെങ്കിൽ ക്രൈസ്തവമതബോധം ആമൂലം ശൂന്യംതന്നെ. ക്രൈസ്തവമതത്തിനുള്ള സത്യതയ്ക്കു അപ്പസ്തോലന്മാർക്കുണ്ടായിരുന്ന മുഖ്യന്യായം ക്രിസ്തുവിന്റെ പുനരുത്ഥാനമായിരുന്നു. ക്രിസ്തു മരണത്തിൽനിന്നു ഉയിർത്തിട്ടില്ലെങ്കിൽ, ക്രൈസ്തവവിശ്വാസം നിർജ്ജീവമാകുന്നുവെന്നാണു് വി. പൌലോസ് പ്രസ്താവിച്ചിട്ടുള്ളതു്. ശവക്കുഴിക്കപ്പുറം വേറെ ഒരു ജീവിതമില്ലെങ്കിൽ, ക്രിസ്തുവിന്റെ ജീവിതവും ദൌത്യവും നിരർത്ഥകംതന്നെ. ധനം, ദീർഘായുസ്സു്, ബഹുമാനം, ജഡികസുഖം ഇത്യാദി ഇഹലോകജീവിതത്തിനു കൊടുക്കാൻ സാധിക്കുന്ന ഭൌമിക നന്മകൾ പ്രദാനംചെയ്യുന്നതിനല്ല ക്രിസ്തു ഭൂമിയിൽ വന്നതു്. ഇവയെല്ലാം അവിടുത്തേക്കുണ്ടാകാമായിരുന്നെങ്കിലും, യഥാർത്ഥത്തിൽ ഇവയൊന്നും ക്രിസ്തുവിനുതന്നെയുണ്ടായിരുന്നില്ല. നമുക്കു ജീവൻ നല്കുന്നതിനാണു് അവിടുന്നു വന്നതു്. ഇഹലോകജീവനല്ല, നിത്യജീവ

ൻ നല്കുന്നതിനായിട്ടാണ് വന്നതു്.

ഐഹികജീവിതം ശവക്കുഴിയിലേക്കുള്ള ക്രമാനുഗതമായ ഒരു യാത്രയാണ്. ജനിച്ചയുടനെ നമ്മൾ മരിക്കാൻ ആരംഭിച്ചുകഴിഞ്ഞു. ഏവനും ഒഴിച്ചുകൂടാത്ത ശവക്കുഴിയിലേക്കു ഓരോ ദിവസവും നമ്മൾ സമീപിച്ചാണ് വരുന്നതു്. "ഞാൻ നിങ്ങൾക്കു ജീവൻ നല്കുന്നതിനു വന്നു" എന്നു ക്രിസ്തു അരുളിച്ചെയ്തു. ജീവനുണ്ടായിരുന്നവരോടാണല്ലോ അവിടുന്നു ഈ പ്രസ്താവന ചെയ്തതു്. അല്ലെങ്കിൽ ഇതിനു അത്ഥമില്ല. വിശ്വസ്തസേവനം ചെയ്യുന്നവക്കു വാഗ്ദാനം ചെയ്യപ്പെട്ട ജീവൻ തൻെറ അനുഗ്രഹീതമായ സ്വന്ത നിത്യജീവനിലുള്ള ഭാഗഭാഗിത്വമാകുന്നു. ആ ജീവനിൽ യാതൊരു ക്ലേശവും ഉൽക്കണ്ഠയും വ്യഥയും നൈരാശ്യവുമുണ്ടാകുന്നതല്ല.

ദൈവത്തിൻെറ ജീവനിൽ ഭാഗഭാക്കാകുന്നതാണ് മനുഷ്യൻെറ പരമാന്ത്യം. ഇഹലോകജീവനിലുള്ള ലക്ഷ്യം അതായിരിക്കണം. അനശ്വരവും നിത്യവുമായ ഒരു സ്ഥലം ഭൂമിയിലൊരിടത്തും നമ്മൾ കാണുകയില്ല അതു അന്യത്ര അന്വേഷണം ചെയ്യുകതന്നെ വേണം. ഐഹികജീവിതം ഒരു ഒരുക്കം മാത്രമാണ്. അതു ഒരു പരീക്ഷക്കളരിയാകുന്നു. ശവക്കുഴിയല്ല പരമലക്ഷ്യസ്ഥാനം. പ്രത്യുത, അതു മനുഷ്യൻെറ യഥാത്ഥ അന്ത്യത്തിൻെറ പ്രാരംഭപടവി മാത്രമെ ആകുന്നുള്ളു. ഏതന്നിമിത്തമാണ് ക്രിസ്തു "ലോകമാസകലം ഒരു മനുഷ്യൻ നേടിയാലും, തൻെറ ആത്മാവിനെ നഷ്ടപ്പെടുത്തുന്നുവെങ്കിൽ, അതുകൊണ്ടു അവനെന്തുപകാരം" എന്നു അരുളിച്ചെയ്തിട്ടുള്ളതു്. പാരത്രികജീവിതത്തോടു തുലനം ചെയ്തു നോക്കുമ്പോൾ, ഐഹികജീവിതം നിസ്സാരവും അനുഗ്രഹീതമായ നിത്യജീവൻ പ്രാപിക്കാനുള്ള ഒരുപാധിയുമായിട്ടുമാത്രം പരിഗണിക്കപ്പെടേണ്ടതാണ്. അതിൽ പ്രകൃതിനാഥനായ ക്രിസ്തു, നിത്യജീവൻ പ്രാപിക്കുവാൻ വേണ്ടിവന്നാൽ സ്വന്ത പ്രാണനെക്കൂടി സംത്യജിക്കേണ്ടിവരുമെന്നു പ്രഖ്യാപനം ചെയ്യുകയുണ്ടായി. "എനിക്കുവേണ്ടി സ്വന്ത ജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു കണ്ടെത്തും." ജീവത്യാഗം

പരമബലിയാകുന്നു. എന്നാലും നിത്യജീവപ്രാപ്തി സുരക്ഷിതമാകാൻ വേണ്ടിവന്നാൽ ഈ ത്യാഗവും അപരിത്യാജ്യംതന്നെ.

ക്രൈസ്തവ പ്രബോധനങ്ങളുടെ സംഹിത അമർത്ത്യതയിലുള്ള ഉറപ്പിന്മേലാണ് ആശ്രയിച്ചിരിക്കുന്നത്. ലോകം ബഹുകാര്യമായി മതിക്കുന്നവയുടെ തിരസ്കരണമാണല്ലോ ക്രൈസ്തവ പുണ്യം നിരന്തരമായി ആവശ്യപ്പെടുന്നത്. മനുഷ്യർ സ്വാഭീഷ്ടാനുസരണം പ്രവർത്തിക്കുന്നതിനു അഭിലഷിക്കുന്നു. ക്രിസ്തുവോ എന്നാൽ, ഈശ്വരന്റെ പക്കലേക്കു ദൃഷ്ടികളെ ഉയർത്തി നിന്റെ തിരുമനസ്സു നിർവ്വഹിക്കപ്പെടട്ടെ എന്നു പറയുവാൻ ആജ്ഞാപിക്കുന്നു. മനുഷ്യൻ സ്വകീയ ജഡിക സുഖം ആഗ്രഹിക്കുന്നു; ലോകം അതിന്റെ പ്രലോഭനങ്ങളെ സുലഭമായി വർഷിക്കയുംചെയ്യുന്നു. ക്രിസ്തുവാകട്ടെ, ക്രൂശിന്റെ പാഠം പ്രസംഗിക്കുന്നു. ഏവംവിധം അനുദിനമെന്നോണം ക്രിസ്തുവും ലോകവും തമ്മിൽ ഒരു ധർമ്മസമരം നടന്നുവരികയാണ്. ഇക്കാരണത്താലാണ് ലോകം ക്രിസ്തുവിനെ വെറുക്കുകയും വധിക്കയും ചെയ്തതു. യഹൂദന്മാരുടെ അഭിലാഷാനുസരണം ലൌകികാധികാരവും മഹിമയും ക്രിസ്തു അവക്കു കൊടുത്തിരുന്നെങ്കിൽ, സംശയംവിനാ അവർ അവിടുത്തേക്കു സ്വാഗതമരുളുമായിരുന്നു. എന്നാൽ, അതിനെക്കാറം ഉപരിയായ ഒരു നന്മ അവക്കു പ്രദാനം ചെയ്യുന്നതിനാണു അവിടുന്നു വന്നതു്. ക്രിസ്തുവിന്റെ വിശിഷ്ടദാനം ദാരിദ്ര്യത്തിലും എളിമയിലും ആയിരുന്നതിനാൽ ഗർവ്വിഷ്ഠന്മാരും സ്വാത്ഥലോലുപന്മാരുമായ യഹൂദന്മാർ അദ്ദേഹത്തെ തിരസ്കരിച്ചുകളഞ്ഞു. തിരസ്കരിക്കമാത്രമല്ല, അവർ അദ്ദേഹത്തെ ക്രൂശിച്ചു. ക്രൂശിക്കമാത്രമല്ല, നീചനീചം അവർ ക്രിസ്തുവിനെ പീഡിപ്പിക്കയും അധിക്ഷേപിക്കയും, കള്ളസാക്ഷികളാലും അസത്യ അപരാധങ്ങളാലും അദ്ദേഹത്തെ കുററപ്പെടുത്തുകയും ചെയ്തു. ഹെറോദേസ്യൽ പ്രസ്താവനയാൽ നിർദ്ദോഷിയെന്നു പ്രഖ്യാപനംചെയ്തിട്ടു, ഒരു കുററപ്പുള്ളിയെപ്പോലെ ശിക്ഷിച്ചിട്ടുള്ളതായി ക്രിസ്തുവിന്റെ ഒരു കേസുമാത്രമെ ലോകചരിത്രത്തിൽ അറിയപ്പെട്ടിട്ടുള്ളൂ.

ക്രിസ്തുവിന്റെ ക്രൂശ്മരണം അവിടുന്നു പ്രവചിച്ചിട്ടുണ്ടായിരുന്നു. പുനരുത്ഥാനവും പ്രവചിക്കപ്പെട്ടിരുന്നു. പ്രസ്തുത പ്രവചനം യഹൂദന്മാൎക്കു നല്ലവണ്ണമറിയാമായിരുന്നു. ആകയാൽ അവർ പീലാത്തോസിന്റെ പക്കൽചെന്നു ക്രിസ്തുവിന്റെ ശവകുടീരം ഭദ്രമായി സൂക്ഷിക്കുന്നതിനു ഗാട്ടുശിപായികളെ സ്ഥാപിക്കണമെന്നു അപേക്ഷിച്ചു. ക്രിസ്തുവിന്റെ ക്രൂശാരോഹണം കഴിഞ്ഞു് മൂന്നാംദിവസം പ്രവചിക്കപ്പെട്ടിരുന്നപോലെ അവിടുന്നു മരണത്തിൽനിന്നു ഉയിൎത്തു. പുനരുത്ഥാനം ക്രിസ്തുവിന്റെ ഏററവും വലിയ അത്ഭുത പ്രവൃത്തിയെന്നു മാത്രമല്ല, പൂൎണ്ണമായി പൂൎത്തിയാക്കപ്പെട്ട ഒരുപ്രവചനം കൂടിയാണു്. പ്രവചനമനുസരിച്ചു് കൃത്യം മൂന്നാം ദിവസം ശവകുടീരം ബലിഷ്ഠന്മാരായ റോമൻ പടയാളികൾ ഗാട്ടുചെയ്തിരിക്കയിൽ കല്ലറയുടെ ഭാരമുള്ള കല്ലു മറിഞ്ഞു വീഴുകയും ക്രിസ്തു വിജയപൂൎവ്വം ഏററവും പ്രശോഭിതനായി ഉയിൎത്തെഴുന്നേല്ക്കുകയും ചെയ്തു.

കത്തോലിക്കാ പ്രയത്നം

# ആൎക്കു് സഹായത്താം?

(ഫാദർ മാവുങ്കൽ)

ആവിയന്ത്രത്തിനു ചലനമുണ്ടാക്കുന്നതു നീരാവിയാണു്. നീരാവി തിളയ്ക്കുന്ന ജലത്തിൽനിന്നു പുറപ്പെടുന്നു. തണുത്ത വെള്ളത്തിൽനിന്നു നീരാവിയുണ്ടാകയില്ല. അതിനാൽ യന്ത്രത്തിന്റെ പ്രവൎത്തനത്തിനു തിളച്ച വെള്ളം അവശ്യം ആവശ്യം തന്നെ. മനുഷ്യശരീരം ഒരു യന്ത്രമാണു്. അതിനെ പ്രവൎത്തനസ്ഥാനത്തു കൊണ്ടുവരുവാൻ, ചലിപ്പിക്കുവാൻ, ആവശ്യമുള്ള നീരാവി തിളയ്ക്കുന്ന രക്തത്തിൽനിന്നത്രെ പുറപ്പെടുന്നതു്. തിളയ്ക്കുന്ന രക്തമോ, യൗവനധമനിയിൽകൂടിയാണു് പ്രവഹിക്കുന്നതു്. അതെ, യൗവനത്തിനേ പ്രവൎത്തിക്കാൻ കഴിയൂ. വാദ്

# പുനരുത്ഥാനഗാനം.

(ശ്രീമാൻ ജോസഫ് പള്ളിപ്പാടൻ)

രാഗം ശ്രീരഞ്ജിനി. താളം ചാപ്പ്.

"ഭാരതമാതാഭിമാനാഭിമാനനെ" എന്ന മട്ട്.

പല്ലവി

ഹാ! മമ നാഥാംബരേശോ ദയാനന്ദം!
എൻ ഭാഗ്യദാതാവേ! — ലോകജേതാവേ! — (ഹാ!)

അനുപല്ലവി

മർത്ത്യാവിലപഹാരിൻ!- ഉത്ഥിതനിങ്ങഹോ! പാരിൻ-
പാപംകളഞ്ഞോനേ!- പാദം നമിക്കുന്നേൻ — (ഹാ!)

ചരണം.

1. അത്യത്ഭുതമോടി-അതിജാജ്വലിതധാടി
പൂണ്ടിങ്ങുയിർത്തോനേ!- പാദം നമിക്കുന്നേൻ— (ഹാ!)
2 സ്നേഹാധാരമങ്ങ്-ന്നിതരം നഹി മേ,യെങ്ങും
ഞാൻ പാപി; നിൻപാദേ-അർപ്പിപ്പതെന്തുവാൻ! (ഹാ!)
3. ധന്യമായങ്ങുയിർ-ത്തിതുപോലടിയനുമീ-
അഗസ്സിൽനിന്നുയിർ-ത്താർന്നീടാൻ, മാംപാഹി. (ഹാ!)

---

ക്യത്തിനു പ്രവൎത്തനമില്ല. കാരണം സ്പഷ്ടമാണ്. വൃദ്ധന്മാരുടെ നാഡികളിൽ കെട്ടിക്കിടക്കുന്ന രക്തം ഐസുപോലെ തണുത്തതാണ്.

മററു വാക്കുകളിൽ പറഞ്ഞാൽ യൗവനവും പ്രവൎത്തനവും പ്രണയബന്ധിതരാണ്. പ്രവൎത്തനം യൗവനത്തിൻെറ പ്രേയസിയാണ്. പ്രവൎത്തനം യൗവനത്തിനു സ്വായത്തമത്രെ. വാൎദ്ധക്യവും യൗവനവും തമ്മിൽ മനപ്പൊരുത്തമില്ല. വാൎദ്ധക്യം പ്രവൎത്തനത്തിൽനിന്നും, പ്രവൎത്തനം വാൎദ്ധക്യത്തിൽനിന്നും ഓടി അകലുന്നു. വാൎദ്ധക്യം വിശ്രമിക്കാനും, യൗവനം പ്രവൎത്തിക്കാനുമുള്ളതാണ്. പ്രവൎത്തനം കൊണ്ടാവശ്യമുള്ളവർ യൗവനത്തെ സ്വാധീനമാക്കണം. വാൎദ്ധക്യത്തെക്കൊണ്ടു അവക്കു യാതൊരു ആവശ്യവുമില്ല. ദൈവപുത്രൻ തന്നെയും മനുഷ്യപരിത്രാണനത്തിനായി പ്രയത്നിച്ചതും, ആ ദിവ്യപ്രവൎത്തനത്തെ വിജയശ്രീ

ലാളിതമാക്കിത്തീർത്തതും യൗവനത്തിന്റെ പുഷ്പകാലമാകുന്ന മുപ്പത്തിമൂന്നു വയസ്സിലാണല്ലോ. അവിടുന്നു വാർദ്ധക്യത്തിന്റെ ഒന്നാം ചവിട്ടുപടിയിൽപോലും കാലു കുത്തുവാൻ തിരുമനസ്സായില്ല. അവിടുന്നു ഒരു യുവയുവാവായിരുന്നു. കാരണം; അവിടുന്നു പ്രയത്നിക്കാൻ വന്നവനും, പ്രയത്നം യൗവനത്തിന്റെ സ്വായത്തവുമാണ്.

ആധുനികലോകത്തിൽ നടക്കുന്ന സർവ്വപ്രക്ഷോഭങ്ങളുടെയും ഏക ലാക്ക യൗവനസമ്പന്നമാണ്. സമുദായത്തിലെ വൃദ്ധന്മാരെയും, പ്രായമുള്ള മന്ത്രിമാരെയും, ജരയും നരയും പ്രാപിച്ച ക്യാബിനറ്റ് അംഗങ്ങളെയും, പഞ്ഞിപോലെ വെളുത്ത മീശ നീട്ടിയ ഗുരുനാഥന്മാരെയും, ഉപ്പാപ്പന്മാരെയും, റബ്ബിമാരെയും, മല്പാന്മാരെയും സ്വാധീനമാക്കാൻ പ്രക്ഷുബ്ധപരിശ്രമം നടത്തിയിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ഇന്നോ എന്നാൽ ആ മനസ്ഥിതിക്കു കടകവിരുദ്ധമായ ഒരു വ്യതിയാനമാണ് സംഭവിച്ചിരിക്കുന്നത്. ഇന്നു ലോകത്തിൽ എവിടെയെങ്കിലും പ്രാധാന്യമർഹിക്കുന്ന വല്ല സംഭവവും നടക്കുന്നുണ്ടെന്നു വരികിൽ അതിന്റെ ഏക ലാക്ക യുവമനോഹൃദയങ്ങളെ വശീകരിക്കണമെന്നും, യുവതീയുവാക്കന്മാരുടെ അചഞ്ചലമായ പ്രവർത്തനവും ആനുകൂല്യവും ആ പ്രസ്ഥാനത്തിന്റെ പുരോഗതിക്കായി സമ്പാദിക്കണമെന്നുമാണ്.

അതുകൊണ്ടാണ് ഇറ്റാലിയൻ ഫാഷിസ്റ്റ് സംഘം "യൗവനഗാന"ത്തെ അതിന്റെ ദേശീയ ഗാനമായി സ്വീകരിക്കുന്നത്. റഷ്യയിലെ സോവിയറ്റ് ഭരണസംഘം, ലെനിന്റെ ശവകുടീരത്തിന്റെ മുമ്പിൽ തങ്ങളുടെ യുവഭുജങ്ങൾ പൊക്കി സലാം ചെയ്തു അണിനിരന്നു നിൽക്കുന്ന യുവജനസൈന്യത്തെയാണ് അവിടത്തെ ചെങ്കുപ്പായക്കാരെക്കാൾ കൂടുതൽ വിലമതിക്കുന്നത്. സമഷ്ടിവാദികൾക്കു വൃദ്ധന്മാരെക്കൊണ്ടു അശേഷം ആവശ്യമില്ല; അവരുടെ ഉന്നം മുഴുവനും യുവാക്കന്മാരെ തങ്ങളുടെ പാർശ്വവർത്തികളാക്കുന്നതിലും, പിഞ്ചുപൈതങ്ങൾക്കു പരിശീലനം നൽകി തങ്ങളുടെ പ്രചരണവേലക്കായി സജ്ജീകരിക്കുന്ന

തിനുമത്രെ. ജർമ്മനിയിലെ സർവ്വാധിപതിയായി വാഴുന്ന ഹിററ്ലർ, അദ്ദേഹത്തിൻെറ യുവനാസി സൈന്യത്തിൻെറ നേതൃത്വം വഹിക്കുന്നതാണ്, തൻെറ വിജയമൂർദ്ധന്യമായി ഗണിക്കുന്നതു്. നാസി പ്രസ്ഥാനം യുവാക്കന്മാരെ വശീകരിക്കുന്നതിനും, ജർമ്മൻ യുവജനങ്ങളെ ഒന്നൊഴിയാതെ അണിനിരത്തുന്നതിനും ഭഗീരഥപ്രയത്നം ചെയ്യുന്നു. അതുപോലെതന്നെ നിരീശ്വരത്വവും, വൃദ്ധജനങ്ങളെ പാടെ പരിത്യജിച്ചിട്ടുള്ള റഷ്യയും ബാലികാബാലന്മാരെയും, കോളേജു വിദ്യാർത്ഥിനീവിദ്യാർത്ഥികളെയും, കച്ചവടപ്പീടികയിലും തൊഴിൽശാലകളിലുമുള്ള യുവതീയുവാക്കന്മാരെയും അതിൻെറ അപ്പോസ്തല സംഘത്തിൽ ചേർക്കുന്നതിനു സർവ്വശക്തിയും പ്രയോഗിക്കുന്നു.

യുവാക്കന്മാർ ഇന്നു വിശ്വാസത്തിൻെറ പുറത്തു മുഴുവനായി കയറിപ്പററിയിട്ടില്ലായിരിക്കാം. പക്ഷെ, വിനാവിളംബം യുവതീയുവാക്കന്മാർ ലോകമാകുന്ന കുതിരയുടെ പത്ത്യാണത്തിൽ ഇരിക്കുന്നതു കാണാറാകും. ഫാഷിസ്റ്റ്, കമ്മ്യൂണിസ്റ്റ്, സോഷ്യലിസ്റ്റ്, നാസിസ്റ്റ്, എത്ഥിസ്റ്റ് എന്നിത്യാദി അബദ്ധമോ സുബദ്ധമോ, വിവേകമോ അവിവേകമോ, സ്വസ്ഥമോ ഉന്മത്തമോ, ആയ ഏതു നവീന പ്രസ്ഥാനത്തിൻെറയും പ്രണേതാക്കൾ യൗവനമെന്ന കുതിര കയറുവാൻ അവർ പഠിച്ച പണി പതിനെട്ടും പ്രയോഗിക്കുന്നു. ഇന്നത്തെ യൗവനത്തെ ഏതു പ്രസ്ഥാനത്തിനു സ്വാധീനമാക്കുവാൻ കഴിയുമോ, ആ പ്രസ്ഥാനം ഭാവിലോകത്തെയും സ്വാധീനമാക്കും. രാജ്യങ്ങൾ തമ്മിൽ യുദ്ധമുണ്ടാകുയാണെങ്കിൽ അവ യുവാക്കന്മാരുടെ അനുമതിയോടുകൂടി മാത്രമേ സമാരംഭിക്കപ്പെടുകയുള്ളൂ. നൂതനാശയങ്ങളും തത്വങ്ങളും യുവതീയുവാക്കന്മാരുടെ ആനുകൂല്യത്തിനനുസരണമായി മാത്രമേ പ്രബലപ്പെടുകയുള്ളു.

ദൈവമഹത്വത്തിനും, ആത്മരക്ഷയ്ക്കുമായി സമരംചെയ്യുവാൻ ദൈവത്താൽതന്നെ നിയുക്തനായി, ലോകൈകധർമ്മസാമ്രാട്ടായി, വത്തിക്കാൻകുന്നിലുള്ള കാവൽഗോപുരത്തിൽ ഇരുന്നു ലോകഗതിയെ ബദ്ധശ്രദ്ധം സമീക്ഷിക്കുന്ന മനുഷ്യജാതിയു

ടെ പൊതുവാത്സല്യപിതാവു, മാൎപ്പാപ്പാതിരുമനസ്സുകൊണ്ടു, യൗവനത്തെ സ്വാധീനമാക്കാൻ അഹമഹമികയാ രംഗപ്രവേശം ചെയ്തിരിക്കുന്ന പ്രസ്തുത നൂതനപ്രസ്ഥാനക്കാരുടെ നശീകരോദ്ദേശം മനസ്സിലാക്കി, അവരുടെ പിടിയിൽനിന്നു യൗവനത്തെ സംരക്ഷിച്ചു സ്രഷ്ടാവിൻെറ നിൎദ്ദേശാനുസരണം അതിനെ നയിച്ചു, ഇന്നു ലോകം വീണുകിടക്കുന്ന നാശകൂപത്തിൽനിന്നു അതിനെ പുനരുദ്ധരിക്കുവാനായി തൻെറ സ്വന്തം സൎവ്വസൈന്യാധിപത്യത്തിൻകീഴ് സജ്ജീകരിച്ചിട്ടുള്ള ഒരു മഹാ സൈന്യശേഖരമാണ് 'കത്തോലിക്കാപ്രവൎത്തനം' എന്ന അഭിധാനത്തിൽ ഇന്നു വിശ്വവിഖ്യാതമായിത്തീൎന്നിരിക്കുന്ന പ്രവൎത്തനപ്രസ്ഥാനം.

കത്തോലിക്കാപ്രവൎത്തനം മാൎപ്പാപ്പായുടെ ഒരു നൂതന കണ്ടുപിടിത്തമല്ല. അതു കത്തോലിക്കാസഭയോളംതന്നെ പഴക്കമുള്ളതാണ്. ക്രിസ്തുവാണ് ഒന്നാമത്തെ കത്തോലിക്കാപ്രവൎത്തകൻ. യൗവനയുക്തനായ ദൈവപുത്രൻ സമാരംഭിച്ചിട്ടുള്ള ഈ പ്രയത്നം കത്തോലിക്കാ യുവതീയുവാക്കന്മാരുടെ സ്വന്തവും, അവൎക്കു സ്വായത്തവുമാണ്. പരസ്പരം ഗളച്ഛേദംചെയ്തു ലോകത്തെ നിണമണിയിക്കാനായി ഊരിയ വാളും വീശി കാലദൂതന്മാരെപ്പോലെ പാഞ്ഞു നടക്കുന്ന ഇന്നത്തെ നിരീശ്വരന്മാരുടെ വിവിധ നൂതന പ്രസ്ഥാനങ്ങളിൽനിന്നു ഉൽഭൂതമാകുന്ന ഭയങ്കരവിപ്ലവങ്ങളെ പ്രശാന്തമാക്കേണ്ട ഒരു സമാധാനസൈന്യമാണ് കത്തോലിക്കാപ്രയത്നം. അതു് ആയുധമെടുക്കാത്ത ഒരു അഭിനവ കുരിശുയുദ്ധമത്രെ.

മനുഷ്യവംശത്തിൻെറ ഭാഗ്യമെന്നല്ലാതെ എന്തു പറയട്ടെ. കത്തോലിക്കാപ്രവൎത്തനംപോലെ ഇത്രവേഗം യുവഹൃദയത്തെ സമാകൎഷിച്ചിട്ടുള്ള മറെറാരു പ്രവൎത്തനവും ഭൂമുഖത്തു ഇതുവരെ രംഗപ്രവേശം ചെയ്തിട്ടില്ല. യൗവനത്തിനു അതു അത്രയ്ക്കു യോജിച്ചതാണ്. യൗവനധമനിയിൽക്കൂടി പ്രവഹിക്കുന്ന തിളയ്ക്കുന്ന രക്തത്തിനു പ്രവൎത്തിക്കാതിരിക്കാൻ നിവൃത്തിയില്ല. അതിൻെറ സ്വഭാവം തന്നെയും പ്രവൎത്തിക്കണമെന്നും ജയിക്കണമെന്നുമാണ്. ആ രക്തത്തിൽ ക്രിസ്തുവായ യുവാവിൻെറ താല്പ

ശ്ശത്തെ കത്തിവച്ചാൽ പ്രയത്നവും വിജയവും ക്രിസ്തുവിൻേറതായിരിക്കും. ദൈവവിശ്വാസംതൊട്ടു വനിതാമര്യാദവരെയുള്ള സർവ്വത്തെയും തച്ചുടക്കുവാൻ തയ്യാറെടുത്തു അങ്കക്കളത്തിലിറങ്ങിയിരിക്കുന്ന ഭീകരപ്രസ്ഥാനക്കാർക്കു അഭിമുഖമായി അവരെ അണിനിരത്തിയാൽ തീർച്ചയായും അവർ വിജയം കരസ്ഥമാക്കും; സമുദായത്തെ ഉദ്ധരിക്കയും ചെയ്യും. ക്രിസ്തുവായ നിർമ്മിതാവിനെ അനുകരിച്ചു അവർ സാക്ഷാൽ സമുദായനിർമ്മാണകർമ്മം നിർവ്വഹിക്കും. ക്രിസ്തുരാജൻെറ സുരക്ഷിതമായ ചുവട്ടടിയിൽ നിന്നു അവർ ധീരധീരം പോരാടുകയും, മനുഷ്യജാതിയുടെ പരിപാവനാദർശങ്ങളുടെയും, രക്തപാനപ്രിയരും നിയമവിദ്ധ്വംസകരും ത്യാഗശീലരഹിതരുമായ പ്രസ്തുത ഭീകരപ്രസ്ഥാനക്കാരുടെ നൂതനസിദ്ധാന്തങ്ങളുടെയുംമദ്ധ്യേ അവരുടെ യുവജീവനെ ക്ലേശലെന്ന്യേ സമർപ്പിക്കയും ചെയ്യും.

കത്തോലിക്കാ പ്രവർത്തനം ആർക്ക് സ്വായത്തം എന്നുള്ള വിഷയത്തെപ്പററി രണ്ടു വാക്കു പറയുവാൻ മാത്രമേ ഈ ലേഖനത്തിൽ ഞാൻ ഉദ്ദേശിച്ചുള്ളു.

## ഓക്സ്ഫോർഡ് പ്രസ്ഥാനം.

(ചരിത്രജ്ഞൻ.)

### IV

ഓക്സ്ഫോർഡ് പ്രസ്ഥാനം അതിനെ അഭിമുഖീകരിച്ച വൈഷമ്യപ്രശ്നങ്ങളെ നിശ്ശേഷം ഖണ്ഡിച്ച് മതപരമായ തത്വജ്ഞാനശകലങ്ങളടങ്ങിയ ഒരു ഗ്രന്ഥശാല സജ്ജീകരിച്ചു ക്രിസ്തീയ സഭയുടെ ആദർശം, ആസ്തിക്യവാദത്തെ അധികരിച്ചുള്ള ഉപന്യാസങ്ങൾ, വിശ്വാസവും യുക്തിയും എന്ന വിഷയത്തെ ക്രോഡീകരിച്ചുള്ള കാർഡിനൽ ന്യൂമാൻ അവർകളുടെ ഓക്സ്ഫോർഡ് സർവ്വകലാശാല പ്രസംഗപരമ്പര, ക്രൈസ്തവപ്രബോധനങ്ങളുടെ വികാസം മുതലായവ മെല്ലിറഞ്ഞ ഗ്രന്ഥാവ

# മാതൃഗീതി.

ശ്രീമാൻ ജെ. എ. വേഴിയത്തു് ബി. എ.

(രസക്കവൈദമ്പ ഏ. മ)

പല്ലവി.

സുകൃതനിധേ! ഭവികദായകി!
പരിപാലയമാം. (സുകൃ.)

അനുപല്ലവി.

സുരവരദേ! സുരതനയേ!
സുഗുണസുചരിതസുമവാണി! (സുകൃ.)

ചരണം.

1. പദകമലം തവയുഗളം
ശ്രിതജനശുഭകരം സമ്മോദം. (സുകൃ.)
2. വരദനേത്ര ചരണപ്രാപ്തി
സുഗമമാക്കമലഗാത്രി! (സുകൃ.)
3. മനുജമനസിമമത ചേർത്തു
മഹിയിലമിതശാന്തി കർത്രി (സുകൃ.)
4. ഗുണനിധേ! നിനാമലനാമ-
ശ്രവണമതുല സുഖദമംബേ! (സുകൃ.)

---

ലിയിൽ ചിലതത്രെ. മനുഷ്യപ്രകൃതിയുടെ വൈശിഷ്ട്യവും ഓരോ വ്യക്തിയിലും കുടികൊള്ളുന്ന വിശ്വാസത്തിന്റെ വ്യതിയാനങ്ങളും മതതത്വങ്ങളെ പരാമർശിച്ചെഴുതിയിട്ടുള്ള ഈ ഗ്രന്ഥങ്ങൾ മനസ്സിലാക്കി. അതുകൊണ്ടു് ഇതുവഴി ഓരോരുത്തനും അവനവന്റെ യഥാർത്ഥ പ്രകൃതിയെ വീക്ഷിക്കുവാൻ സാധിക്കുമായിരുന്നു.

കത്തോലിക്ക മതതത്വങ്ങളുടെ സത്യവത്വത്തിനുള്ള തെളിവു് സാക്ഷാത്തായതും ആധുനിക ശാസ്ത്രങ്ങളെപ്പോലെ ആനുമാനികവുമാണെന്നു തെളിയിക്കുന്നതിനും പുറമെ ഒരു തത്വശാസ്ത്ര ചിന്തകനെന്നപോലെ സാധാരണ പൌരനും ജ്ഞേയമാണെന്നുകൂടി അതു പ്രസ്പഷ്ടമാക്കുന്നു. പാരമ്പര്യ വിശ്വാസത്തിന്റെ കർത്തവ്യത്തെ അതു നീതീകരിക്കുന്നു. അനവധി കാലങ്ങളായി ശേഖരിച്ചിട്ടുള്ള വിജ്ഞാനശകലങ്ങളെക്കൊണ്ടു് ക

ത്തോലിക്കാസഭയുടെ ചുരതലാബോധത്തേയും അതു ഉൽബോധിപ്പിക്കുന്നുണ്ടു ഓരോ വ്യക്തിയെയും ഹേതുവാദികളുടെ ആക്രമണങ്ങളിൽനിന്നു രക്ഷിച്ച് അവരുടെ ആദ്ധ്യാത്മിക ജീവിതത്തെ പരിപാലിച്ച് അവകാശവാദങ്ങളെ സംരക്ഷിക്കേണ്ടതു കത്തോലിക്കാസഭയുടെ കടമയായിരുന്നു. സത്യസഭാതത്വങ്ങൾ സ്വവിശേഷ പഠനത്തെ മ്ലാനമാക്കുകയൊ എതിർക്കുകയൊ അല്ല, പ്രത്യുത, അവയെ കൂടുതൽ വിശദീകരിക്കയും രക്ഷിക്കയുമാണു ചെയ്യുയുണ്ടായതെന്നു ബോദ്ധ്യപ്പെടുത്തുന്ന സഭാതത്വങ്ങളുടെ വിവക്ഷയിൽ ചില വ്യതിയാനങ്ങൾ വരുത്തീട്ടുള്ളതു് അവയുടെ പൂർവ്വസ്ഥിതി ബലിഷ്ഠമാക്കിച്ചെയ്യുന്നതിനാണ്.

അധുനാതനകാലങ്ങളിലെ പ്രബലമായ വാസനകൾ വിദ്യാഭ്യാസ പദ്ധതിയിലും തദ്വിഷയകമായ ആദർശങ്ങളിലും സാരമായ വ്യത്യാസങ്ങൾ വരുത്തി. മതത്തെയും ദൈവശാസ്ത്രത്തെയും മാത്രം പരാമർശിച്ച് രൂപവൽകൃതമായിരുന്ന പഴയ പദ്ധതി ദൈവശാസ്ത്രത്തെയും മതപരമായ ഇതര വിഷയങ്ങളെയും നാമമാത്രമാക്കി. ആധുനിക ശാസ്ത്രങ്ങൾക്കു് സർവ്വതോന്മുഖമായ പ്രാധാന്യത്തെ നൽകുന്ന ഒരു പദ്ധതിയായി പരിവർത്തനം ചെയ്യപ്പെട്ടു. ലോകം, മർത്ത്യജീവിതം, എന്നിവയെ ദൈവശാസ്ത്രരീത്യാ പ്രതിപാദിച്ചിരുന്നതെല്ലാം പാടെ അടിപിഴച്ചു. ആധുനികശാസ്ത്രംമുഖേന അവക്കുള്ള വ്യാഖ്യാനങ്ങൾ തൽസ്ഥാനത്തു് സ്ഥിരപ്രതിഷ്ഠ ലഭിച്ചു ഓക്സ്ഫോർഡ് പ്രസ്ഥാനാധികൃതരായ ലബ്ധലേഖാപ്രവർത്തകന്മാർ വിദ്യാർത്ഥികളുടെ നിർമ്മല മനസ്സിനും മതവിശ്വാസത്തിനും ഈ ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ അപരിഹാര്യങ്ങളായ കഷ്ടനഷ്ടങ്ങൾ ഉളവാക്കിട്ടുണ്ടെന്നു കരതലാമലകംപോലെ ലോകദൃഷ്ടിക്കു വെളിപ്പെടുത്തി.

യാഥാസ്ഥിതികത്വത്തിന്റെയും ഉൽപതിഷ്ണുത്വത്തിന്റെയും ശക്തികളെ അകററി നിറുത്തുന്നതെങ്ങിനെയെന്നായിരുന്നു അക്കാലത്തെ വിദ്യാഭ്യാസ പരിശ്രമികൾക്കു നേരിടേണ്ടിയിരുന്ന മറെറാരു പ്രശ്നം. അധുനാതനശാസ്ത്ര കണ്ടുപിടിത്തങ്ങൾക്കും ചരിത്രജ്ഞന്മാരുടെ പര്യവേഷണങ്ങൾക്കും സ്വാ

തന്ത്ര്യം നൽകി ദൈവശാസ്ത്രത്തിന്റെ അതീവപ്രാധാന്യതയെയും കത്തോലിക്കാസഭയുടെ നിയന്ത്രികശക്തിയുടെ ആവശ്യകതയെയും സ്ഥാപിക്കേണ്ടതെങ്ങനെ? വിശ്വാസം അചഞ്ചലവും വിശിഷ്ട മനസ്ഥിതിയുടെയും വിശിഷ്ടാശയങ്ങളുടെയും ഉൽകൃഷ്ട ഫലമാകുന്നതെങ്ങിനെ? ഇത്യാദിപ്രശ്നങ്ങളായിരുന്ന അന്നൊരു കത്തോലിക്കന്റെ ശ്രദ്ധേയമായിരുന്നത്. കാലാനുയുക്തമായ പ്രതിഭാശക്തിയോടുകൂടി ഓക്സ്ഫോർഡ് പ്രവർത്തകന്മാർ ഏതു വിഷമഘട്ടങ്ങളെയും അഭിമുഖീകരിച്ചിരുന്നു. പുരാതന കത്തോലിക്കരുടെ ശ്രദ്ധക്ക് അന്നോവരെ വിഷയമാകാതിരുന്ന വിദ്യാഭ്യാസ പരിഷ്കരണം അത്യാവശ്യമെന്നു ഇവർ തീർച്ചപ്പെടുത്തി. ഏതാനുമാളുകളെ മാത്രമേ ആധുനിക പരിതസ്ഥിതികൾ ആവശ്യപ്പെട്ടിരുന്ന മാനസിക പരിഷ്കാരവും ചിന്താഗതിയും അവർക്കു കൈവരുമായിരുന്നുള്ളു. നവീന പരിഷ്കാരാനുസൃതം കത്തോലിക്കവിദ്യാഭ്യാസപദ്ധതിയെ ഉടച്ചു വാർത്തതു കാർഡിനൽ ന്യൂമാന്റെ അയറിഷ് പരിശ്രമങ്ങളായിരുന്നു. അദ്ദേഹം അയർലാണ്ടിലെ സർവ്വകലാശാലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെയും പ്രഭാഷണങ്ങളെയുമാണ് പ്രസ്തുത പരിശ്രമങ്ങൾ അനുസ്മരിപ്പിക്കുന്നത്. സർവ്വകലാശാല അന്നു കാര്യക്ഷമമായി ഒന്നും തന്നെ ചെയ്തിരുന്നില്ല എങ്കിലും ക്രൈസ്തവചിന്തകനു അക്കാലത്തെ വിഷമ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനും ഭാവിയിൽ ഏതൽക്കാര്യാർത്ഥം ചെയ്യേണ്ടതായ ബൃഹത്തായ എല്ലാശ്രമങ്ങളുടെയും അടിസ്ഥാനം സ്ഥാപിക്കുന്നതിനും സാദ്ധ്യമായിരുന്നു. ഒരു ഉൽഘാടനാവസരത്തിൽ പരിശുദ്ധന്മാരെ അഭിസംബോധന ചെയ്തുകൊണ്ടു കാർഡിനൽ ന്യൂമാൻ അവർകൾ, "തങ്ങളെ തന്നെ ഏററവും നികൃഷ്ടരെന്നു നിനച്ചിരുന്നപ്പോൾ ഏററവും പ്രശസ്തമായ പ്രവൃത്തികൾ ചെയ്യുകയും തങ്ങളുടെ പരിശ്രമ ഫലങ്ങൾ കണ്ടാനന്ദിക്കുന്നതിനുമുമ്പു ദിവംഗതരാകയുംചെയ്ത ആ പുണ്യപുരുഷന്മാർ" എന്നു ചെയ്ത പ്രസ്താവന ഇത്തരുണത്തിൽ സർവ്വഥാ ഉചിതംതന്നെ.

# രാജാവിന്റെ പ്രതിക്രിയ.

ഒരു പ്രസിദ്ധ ഫ്രാൻസിസ്കൻ സന്യാസിയായിരുന്ന ഫാദർ ലൂയിസ് ഡി. കസോരിയ ആഫ്രിക്കായിൽ മിഷ്യനറി ജോലിക്കായി പുറപ്പെടുന്നതിനുമുമ്പു തന്നെ അത്യധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന നേപ്പിൾസിലെ രാജാവായ ഫെർഡിനാണ്ട് ദ്വിതീയനെ സന്ദർശിക്കുന്നതിനായി ചെന്നു. ആഫ്രിക്കായിൽനിന്നു കുറെ നീഗ്രോ കുട്ടികളെ കൊണ്ടുവന്നു പഠിപ്പിച്ചു വൈദികപട്ടം നൽകി അവരെ സ്വരാജ്യത്തിലേക്കു വേദപ്രചാരജോലിക്കു അയക്കുന്നതിനായി പോകുന്ന ഈ വന്ദ്യ വൈദികനോടു മടങ്ങിവരുമ്പോൾ തന്നെ വന്നു കാണണമെന്നു ആ രാജാവു ആജ്ഞാപിച്ചു.

യാത്രാമദ്ധ്യേ ഈ ഫ്രാൻസിസ്കൻ അലക്സാൻഡ്രിയായിൽ ഇറങ്ങിയപ്പോൾ ഫെർഡിനാണ്ട് രാജാവിനാൽ ജീവപര്യന്തം നാടു കടത്തപ്പെട്ട ദാനിയേലി എന്നൊരു നിഷ്ഠുരരാജ്യപരിത്യക്തനെ ആവിടെ കണ്ടു. വൈദികനെ മനസ്സിലായ ഉടനെ കോപത്തോടും വൈരാഗ്യത്തോടും തന്റെ ദൌർഭാഗ്യത്തിന്റെ ഓർമ്മയോടുംകൂടെ അയാൾ അദ്ദേഹത്തിന്റെ കന്നത്തിൽ ഒരു അടി കൊടുത്തുകൊണ്ടു ഇപ്രകാരം പറഞ്ഞു:

"ഇതു കൊണ്ടുപോയി നിങ്ങളുടെ നാഥനും സ്നേഹിതനുമായ രാജാവിനു എന്റെ പേക്കു കൊടുക്കണം."

വൈദികൻ ശാന്തതയോടെ ഇതൊന്നും അറിയാത്തമട്ടിൽ അവിടെനിന്നും മെല്ലെ പുറപ്പെട്ടു

എട്ടു മാസം കഴിഞ്ഞു അദ്ദേഹം ഒരു സംഘം നീഗ്രോ കുട്ടികളെയുംകൊണ്ടു നേപ്പിൾസിലേക്കു മടങ്ങി. ഫെർഡിനാണ്ടു രാജാവ് കുടുംബസമേതം ചെന്ന് അദ്ദേഹത്തെ സ്വകരങ്ങൾ കൊണ്ടു ആലിംഗനം ചെയ്തു. എന്നാൽ ഫാദർ ലൂയിസ് രാജാവിന്റെ മുമ്പിൽ സാഷ്ടാംഗനമസ്കാരം ചെയ്തുകൊണ്ടു ഇങ്ങിനെ ഉണർത്തിച്ചു:

"തിരുമേനീ, എല്ലാററിനുംമുമ്പു ഒരു കാര്യം ചോദിക്കുന്നതിനു എനിക്കു അനുവാദം തരണമെന്നു ഞാൻ അപേക്ഷിക്കുന്നു.

രാജാവ്:- "കൊള്ളാം, അതെന്താണ് ? പറയുക ! ഞാൻ

നിങ്ങളുടെ ഇഷ്ടംപോലെ ചെയ്വാൻ സന്നദ്ധനാണെന്നറിയാമല്ലൊ. നിങ്ങൾ ആവശ്യപ്പെട്ട എന്തെങ്കിലും ഞാൻ ഉപേക്ഷിച്ചിട്ടുണ്ടോ? ഇന്നിയും മിണ്ടാതിരിക്കുന്നതെന്താണ്! നിങ്ങളുടെ അസാധാരണത്തിൽനിന്നു നിങ്ങൾ എൻെറ രാജ്യത്തിൻെറ പകുതി ആവശ്യപ്പെടുവാൻ പോകയാണെന്നു തോന്നിപ്പോകും!"

ഫാദർ:- തിരുമേനീ, ഞാൻ അതിലും കൂടുതലാണ് ആവശ്യപ്പെടുന്നതു്. വളരെക്കാലമായി എജീപ്തിലേയ്ക്കു നാടുകടത്തപ്പെട്ട ഡാനിയേലിക്കു മാപ്പു കൊടുക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നതു്"

രാജാവു്:- (നെററി ചുളിച്ചുകൊണ്ടു്) "ആരെ? ദാനിയേലിനെയൊ! അയാളെ തൂക്കിക്കൊല്ലുന്നതിനു വിധിച്ചിട്ടു ഞാൻ അയാളുടെ ശിക്ഷ നാടുകടത്തലായി മാററി. എന്നാൽ അയാൾ അതിനു നന്ദിയായി എന്നെക്കുറിച്ചു ദുഷ്കീർത്തി പറഞ്ഞു നാടെല്ലാം പരത്തി!"

ഫാദർ:- തിരുമേനീ, അതേ അയാളെതന്നെ. ഞാൻ ഒരു നിസ്സാരനാണെങ്കിലും തിരുമനസ്സുകൊണ്ടു ഏററം മാഹാത്മ്യമുള്ള ഒരു സുകൃതം ശീലിക്കുന്നതിനു - കുററത്തിനു മാപ്പു കൊടുക്കുന്നതിനു - അപേക്ഷിക്കുന്നു."

രാജാവു്:- "വളരെ നല്ലതു്! അയാൾക്കു മാപ്പു നൽകിയിരിക്കുന്നു. എന്നാൽ ഇതു അനനുകൂലമായ ഒരു കാര്യം ചോദിക്കുവാൻ നിങ്ങളെ പ്രേരിപ്പിച്ച സംഗതി എന്താണ്?"

ഇതു കേട്ടപ്പോൾ ഫ്രാൻസിസ്സിൻെറ പരിഭ്രമം പതിന്മടങ്ങു വർദ്ധിച്ചു. അദ്ദേഹം ദാനിയേലിയിൽനിന്നു സ്വീകരിച്ച പ്രഹരവും അതിനെ രാജാവിനു കൊടുക്കുന്നതിനുള്ള അയാളുടെ നിശ്ചയവും എങ്ങിനെയാണ് വെളിക്കു പറയുന്നതു്?

ഫാദർ:- "തിരുമേനീ, ഇത്രയും പറഞ്ഞാൽ മതിയല്ലൊ. ദാനിയേലി എനിക്കു ഒരു വലിയ, വളരെ വലിയ ഉപകാരമാണ് ചെയ്തിട്ടുള്ളതു്."

രാജാവു് അയാൾ എന്തോ ധീരകർമ്മം ചെയ്തിട്ടുണ്ടെന്നു വിചാരിച്ചു അതിനെപ്പററി കൂടുതലായി ഒന്നും ചോദിച്ചില്ല. ഫാ

ദർ ലൂയിസിൻെറ വ്യക്തിപരമായ മാദ്ധ്യസ്ഥംമൂലം ദാനിയേലി ക്കു മാപ്പു നൽകിയിരിക്കുന്നു എന്നു ഔദ്യോഗികമായി അയാ ളെ അറിയിക്കുവാൻ രാജാവു കല്പന കൊടുത്തു. അയാൾ നാട്ടി ൽ തിരിച്ചുവന്നാലുടനെ അയാളെ കൊട്ടാരത്തിൽ കൊണ്ടുചെ ല്ലുന്നതിനും പോലീസു അധികാരികൾക്കു കല്പന കിട്ടി. ഫെർ ഡിനാണ്ടു രാജാവ്, ഫാദർ ലൂയിസു പറയാതിരുന്ന സംഗതിക ൾ ആ രാജ്യപരിവർത്തകനിൽനിന്നു നേരിട്ടറിവാൻ അക്ഷമരയാ ടെ കാത്തിരുന്നു.

ദാനിയേലി ആദ്യം കുറെ പരിഭ്രമിച്ചുവെങ്കിലും തനിക്കു ല ഭിച്ച അനുഗ്രഹങ്ങളെ ഓർത്തു ഉടൻതന്നെ രാജാവിൻെറ പാദ ത്തുങ്കൽ വീണ് മനസ്താപത്തോടെ എല്ലാം ഏററുപറഞ്ഞു.

ഫെർഡിനാണ്ടു രാജാവ് ദാനിയേലി തന്നോടു ചെയ്ത ഉ പദ്രവത്തെ വിസ്മരിച്ചും ഫാദർ ലൂയിസിൻെറ മഹാമനസ്കത യെ ശ്ലാഘിച്ചും അനുതാപിയായ കുററക്കാരനെ എഴുന്നേല്പിച്ചു ഇപ്രകാരം പറഞ്ഞു:

ഞാൻ എല്ലാം മറന്നുകളഞ്ഞിരിക്കുന്നു. ആ നല്ല വൈദിക ൻ, ഒരു കത്തോലിക്കൻ എന്ന നിലയിൽ എൻെറ ചുമതല എ ന്താണെന്നു എന്നെ ഓർമ്മിപ്പിച്ചിരിക്കുന്നു. ഞങ്ങൾ രണ്ടുപേരും ഉപദ്രവം സഹിക്കേണ്ടിവന്നെങ്കിലും അതെല്ലാം ഞങ്ങൾ ക്ഷമി ച്ചിരിക്കുന്നു. അദ്ദേഹം വഴിയായി നിനക്കു നിൻെറ രാജ്യത്തിൽ പ്രവേശിക്കാൻ അനുവാദം ലഭിച്ചു. ഞാൻ നിൻെറ പേര് എ ൻെറ അടുത്തുള്ളവരുടെ പട്ടികയിൽ ചേർക്കാൻ അനുവദിച്ചി രിക്കുന്നു."

കൊട്ടാരത്തിൽനിന്നു ഇറങ്ങിയ ഉടനെ ദാനിയേലി ഫാ ദർ ലൂയിസിനെ അന്വേഷിച്ചു പുറപ്പെട്ടു. അദ്ദേഹം അച്ച ൻെറ കാല്ക്കൽ വീണ് ഏങ്ങി ഏങ്ങി കരയുവാൻ തുടങ്ങി. അ ദ്ദേഹത്തിൻെറ മനസ്താപം നാമമാത്രമായിരുന്നില്ല. അയാൾ അ തോടുകൂടെതന്നെ ലോകം ഉപേക്ഷിച്ചു സന്യാസ സഭയിൽ ചേ ന്നു ഒരു സഹോദരനായി വ്രതവാഗ്ദാനം നടത്തുകയും ആശ്രമ ശ്രേഷ്ഠനായ ഫാദർ ലൂയിസിൻെറ കീഴിൽതന്നെ അദ്ദേഹം പ

ന്യജീവിതം കഴിച്ചു മൃതിയടയുകയുംചെയ്തു.

ഈ സംഭവത്തെക്കുറിച്ചു ഒരു അഭിപ്രായം പുറപ്പെടുവിക്കുന്നതു് അസ്ഥാനത്താകയില്ലെങ്കിൽ ഇവർ മൂന്നുപേരും ഒരുപോലെ മഹത്തുക്കളാണെന്നു പറയാം. ഇവരിൽ രാജാവു പരമ കാരുണികനും, സന്യാസി മഹാ വിശുദ്ധനും, രാജ്യപരിവർത്തകൻ വലിയ അനുതാപിയുമാണ്. ക്രിസ്തീയ ഉപവിയെപ്പോലെ മനുഷ്യ സ്വഭാവത്തെ ഉൽകൃഷ്ടമാക്കിത്തീർക്കുന്ന മറ്റൊന്നുമില്ല

# നിങ്ങളുടെ കുടുംബം

## സാക്ഷാൽ ഒരു ക്രിസ്തീയ കുടുംബം തന്നെയോ ?

(റവ. ഫാദർ സെറാഫിൻ ബെനഡിക്റ്റ് )

## II

### കുടുംബം എന്നാൽ എന്തു് ?

സുസ്മരണാർഹനായ ൧൩-ാം ലെയോ പാപ്പാ തന്റെ Sapientiae Christianae 'സപ്പിയെൻസിയെ ക്രിസ്റ്റിയാനെ' എന്നാരംഭിക്കുന്ന ചാക്രികലേഖനതല്ലജത്തിൽ 'സിവിൽ സമുദായത്തിന്റെ വിത്തു കുടുംബത്തിൽതന്നെ ഉണ്ടെന്നും, സമുദായത്തിന്റെ ഭവിഷ്യത്തു് ഏറക്കുറെ ക്രിസ്തീയ കുടുംബത്തിൽ തന്നെയാണ് രൂപവൽകൃതമാകുന്നതെ'ന്നും സമർത്ഥിച്ചിരിക്കുന്നു. അതുകയാൽ ക്രിസ്തീയ കുടുംബത്തെ നശിപ്പിക്കണമെന്നാഗ്രഹിക്കുന്നവർ ആദ്യമായി ചെയ്യുന്നതു് കുടുംബജീവിതത്തെ വഷളാക്കുകയാകുന്നു. കുട്ടികൾ തങ്ങളുടെ കുടുംബങ്ങളിൽ ശുദ്ധ ജീവിതത്തിനും ക്രിസ്തീയ പുണ്യാഭ്യസനത്തിനും എത്രകണ്ടു ഉപയുക്തമാക്കുന്നതാം കാണുന്നുണ്ടോ അതു അളവനുസരിച്ചായിരിക്കും സമുദായത്തിന്റെ നിത്യരക്ഷയും കണക്കാക്കപ്പെടുക.

ലോകം ഇന്നു് കുടുംബത്തിന്റെ അവശ്യസ്വഭാവത്തെന്നോ, സകല ലൗകികനന്മകളെക്കാളും വിശിഷ്ടമായ ഒരു നിധിയെന്നോ

കരുതപ്പെട്ടാവുന്ന ന്യായമായ അവകാശങ്ങളെയും ആനുകൂല്യങ്ങളെയും പാടെ എടുത്തുകളയുവാൻ പലപ്പോഴും പലവിധത്തിലും ശ്രമിച്ചുകൊണ്ടിരിക്കയാണു്. ഈ അവകാശത്തിൽ അഥവാ അമൂല്യനിധിയിൽ ക്രിസ്തീയ യുവജന സുരക്ഷിതത്വവും, ക്രിസ്തീയ വിശ്വാസാനുസൃതങ്ങളായ പാരമ്പര്യ സംരക്ഷണവും അടങ്ങിയിരിപ്പുണ്ടെന്നു പ്രത്യേകാൽ പറയേണ്ടതില്ലല്ലോ. മക്കളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ സമുന്നതിക്കായി മാതാപിതാക്കൾ തന്നെയാണു് പരിശ്രമിക്കേണ്ടതു്. ഇതു സ്വന്ത സന്മാതൃകയാൽ ആയിരിക്കയും വേണം. ദൃഷ്ടാന്തം കാണിച്ചുകൊടുത്തുകൊണ്ടുള്ള ഈ അദ്ധ്യാപനമാണു് മറ്റെല്ലാവിധ അദ്ധ്യാപനങ്ങളെക്കാൾ ശ്രേഷ്ഠതരം. എല്ലാകുടുംബവും വളരെ ഉയരമുള്ള ഓരോ ഗോപുരമായിരിക്കണം; അതിൽനിന്നുകൊണ്ടാണു് മാതാപിതാക്കൾ തങ്ങളുടെ സന്താനങ്ങളുടെ ന്യൂനതകളെ കാണുകയും തിരുത്തുകയും ചെയ്യേണ്ടതു്.

ശരിയായ വിദ്യാഭ്യാസം സമാരംഭിക്കേണ്ടതു നന്നാ കുട്ടിപ്രായത്തിലായിരിക്കണം. അതും കുടുംബഭിത്തികൾക്കുള്ളിൽ വച്ചു വേണം താനും. ഇന്നു ദയനീയമാംവണ്ണം അത്ര വഷളായിത്തീന്നിരിക്കുന്ന കുടുംബം അതിന്റെ പൂർവ്വസമഗ്രതയും മാഹാത്മ്യവും പ്രാപിക്കുന്നമെങ്കിൽ, ക്രിസ്തു തന്റെ സഭയ്ക്കു വെളിപ്പെടുത്തിയിരിക്കുന്ന ആ രക്ഷാകര സത്യങ്ങളെ അക്ഷരശഃ നിവഹിച്ചേ കഴിയൂ. പ്രസ്തുത സത്യങ്ങളുടെ സനിഷ്കൃഷ്ടവും സവിശ്വാസ്യവുമായ അനുഷ്ഠാനം ഹേതുവായിട്ടേ കുടുംബമാഹാത്മ്യത്തെ പുലത്തുവാനും മനുഷ്യസമുദായത്തിനു ഉണ്ടാകണമെന്നു നാം സതീവ്രം കാംക്ഷിക്കുന്ന ഉൽക്കർഷം ഉണ്ടാകുവാനും ഇടയാകയുള്ളൂ. ഒരു ശോഷിച്ച വൃക്ഷം ക്ഷീണിച്ച പൂമൊട്ടുകളെയും ക്ഷീണിച്ച പഴങ്ങളെയുമാണല്ലോ ഉല്പാദിപ്പിക്കാറുള്ളതു്; അതുപോലെതന്നെ, എല്ലാംകൊണ്ടും വഷളായിത്തീന്നിട്ടുള്ള ഒരു കുടുംബം, അതിലെ അംഗങ്ങളെമാത്രമല്ല, മനുഷ്യസമുദായത്തെത്തന്നെ ആകമാനം വഷളാക്കിത്തീക്കുകയാണു ചെയ്യുന്നതു്. ഏതെങ്കിലും സിവിൽ സമുദായങ്ങൾക്കു എന്തെന്തവകാശമുണ്ടായിരുന്നാലും, കുടും

ബത്തിന്റെ അവകാശമാണ് അവയെല്ലാം മുമ്പുള്ളത്. എന്തുകൊണ്ടെന്നാൽ കുടുംബമാണല്ലോ എല്ലാ മനുഷ്യസമുദായങ്ങളുടെയും അസ്ഥിവാരം. ആകയാൽ, അസ്ഥിവാരം ഇടിഞ്ഞുപോകുവാൻ ഇടവരുത്തുകയാണെങ്കിൽ—കുടുംബത്തിനു ദൈവത്താലും പ്രകൃതിയാലും ദത്തമായിരിക്കുന്ന അവകാശങ്ങളെ അനാദരിക്കയാണെങ്കിൽ—മനുഷ്യസമുദായം ഒട്ടുക്ക നശിക്കുമെന്നുള്ളതു നിസ്തക്കമത്രെ.

ഇങ്ങിനെയൊരു വസ്തുത, കുടുംബജീവിതത്തിൽ ക്രിസ്തീയ മൌലികതത്വ (Christian principle) പരിരക്ഷണത്തിനു നമ്മെ ഏവരെയും പൂൎവ്വവൽ ഉത്സുകരാക്കിത്തീൎക്കേണ്ടതാണ്; ക്രിസ്തീയാദൎശങ്ങളെ എപ്പോഴും മുൻനിറുത്തി പ്രവൎത്തിക്കുവാൻ സഹായിക്കേണ്ടതാണ്; മുഖസ്തുതിയെ മാററിവെച്ചു പ്രവൎത്തിക്കുവാൻ പ്രേരിപ്പിക്കേണ്ടതാണ്; ഏതേതു പ്രയാസങ്ങൾ സഹിക്കുന്നതിനും എന്തെന്തു വീരയോഗ്യമായ ത്യാഗങ്ങൾ അനുഷ്ഠിക്കുന്നതിനും സന്നദ്ധരാക്കേണ്ടതാണ്. അതേ, ഇങ്ങിനെയൊരു വസ്തുത, നമുക്കെല്ലാവൎക്കും എല്ലാ കാൎയ്യങ്ങളിലും ഒരു ആന്തരികപ്രേരണ—ദൈവത്തെക്കുറിച്ചുള്ള ഒരു യഥാൎത്ഥോത്സാഹം—ഉല്ലാസിപ്പിക്കേണ്ടതാണ്. (തുടരും.)

# ലോകൈക സാമ്രാജ്യം.

(ററി. എം. ആന്റണി ബി. ഏ., ചങ്ങനാശേരി)

അനേകം മഹാ സാമ്രാജ്യങ്ങളുടെ ഉദയവും അസ്തമനവും ലോകം ഇതിനകം ധാരാളമായി കണ്ടുകഴിഞ്ഞു. അതീവ പ്രതാപത്തോടുകൂടി ഉദിച്ചുയൎന്നുവന്ന അസ്സീറിയയുടെയും, ഫിനീഷ്യയുടെയും, ബാബിലോണിന്റെയും മററും ചരിത്രം ഇന്നു കേവലം വിസ്മൃതിയിൽമാത്രം നിലകൊള്ളുന്നു. ലോകത്തെ മുഴുവൻ കീഴടക്കി വാഴുവാൻ ഒരുകാലത്തു ഗ്രീസു അഭിയത്നം ചെയ്തു. ഏതദഭിഷയത്തിൽ ഗ്രീസിനെയും അതിവൎത്തിച്ചുകൊണ്ടു റോമാ ഒട്ടനാൾ പരിശോഭിച്ചു. എന്നാൽ ആ റോമാസാമ്രാജ്യവും മ

ൻഗാമികളെ അനുധാവനം ചെയ്തു് ലോകശക്തികളുടെ അസ്ഥിരതയെ അഥവാ അനിത്യാവസ്ഥയെ വേണ്ടുവോളം വെളിവാക്കി. ഇപ്രകാരം കാലപ്രവാഹത്തിൽ അധഃപതിച്ചുപോയിട്ടുള്ള മഹാരാജ്യങ്ങൾ അനവധിയാണു്. ചരിത്രകാലത്തിന്റെ ആരംഭദശയിലേക്കു ഒന്നു നോക്കുന്നപക്ഷം, ക്ഷയോന്മുഖമായിത്തീൎന്ന ഇത്തരം മഹൽശക്തികളുടെ അവശിഷ്ടങ്ങൾ മാത്രമായിരിക്കും നമുക്കു ദൃശ്യമാകുവാനിടവരുന്നതു്.

എന്നാൽ പത്തൊൻപതു ശതവൎഷക്കാലത്തെ പഴക്കമുള്ള ഒരു മഹാസാമ്രാജ്യം—എല്ലാ ലോകമഹാശക്തികളേയും അതിശയിപ്പിക്കുന്ന ഒന്നു—ഇന്നു ലോകത്തിൽ അക്ഷയദീപ്തിയോടെ പരിലസിക്കുന്നു. അതു് ദൈവസ്ഥാപിതമായ കത്തോലിക്കാസഭയല്ലാതെ മറെറാന്നുമല്ല ലൗകികശക്തികളുടെ അവസാനം ഒരുതരത്തിൽ അല്ലെങ്കിൽ മറെറാരുതരത്തിൽ സംഭവിക്കുന്നു; അതെ, പ്രാപഞ്ചികമായ ഏതും കാലാന്തരത്തിൽ ശിഥിലീഭവിക്കുകയെന്നതു് അപ്രതിരോദ്ധ്യമായ ഒരു പ്രകൃതിതത്വമാകുന്നു. മഹാനായ അലക്സാണ്ഡർ ചക്രവൎത്തിയുടെ ആക്രമണത്തോടുകൂടി ഫിനീഷ്യൻ സാമ്രാജ്യം അന്നു് നാമാവശേഷമായി. അതിൽ പിന്നീടു അതുയൎന്നിട്ടേയില്ല. പ്രസ്തുത യവന ചക്രവൎത്തിയുടെ അകാലനിര്യാണം മാസിഡോണിയൻ സാമ്രാജ്യത്തിന്റെ അധോഗതിക്കും ഹേതുഭൂതമായി. ഏതാദൃശ ആപദ്ഘട്ടങ്ങൾ കത്തോലിക്കാസഭയേയും അഭിമുഖീകരിക്കാതിരുന്നിട്ടില്ല എന്നാൽ കത്തോലിക്കാസഭ പ്രകൃത്യാതീതമാകയാൽ ക്ഷയോന്മുഖമാവുക എന്ന പ്രകൃതിനിയമം അതിനെ സംബന്ധിച്ചിടത്തോളം അസാധുവത്രെ. ദൈവസ്ഥാപിതമാണു് ആ സഭ. അതിന്റെ സ്ഥാപകൻ അതിനോടുകൂടിത്തന്നെ അധിവസിക്കയും ചെയ്യുന്നു. അതെ, ലോകാവസാനംവരെ താൻ അതിനോടുകൂടി ഉണ്ടായിരിക്കുമെന്നും, നരകവാതിലുകൾ അതിനെ ജയിക്കയില്ലെന്നും ക്രിസ്തുനാഥൻ തന്നെ അരുളിച്ചെയ്തിരിക്കുന്നു.

കത്തോലിക്കാസഭ ആരംഭംമുതല്ക്കേ പീഡനങ്ങൾ സഹിക്കുവാൻ തുടങ്ങി. ആദിമനൂററാണ്ടുകളിൽ റോമൻ ഭരണാധികാ

തികൾ അതിനെ നാമാവശേഷമാക്കുവാൻ നിസ്തന്ത്രം പരിശ്രമിച്ചു, അവർ പത്തു സാർവ്വത്രിക കൂട്ടക്കൊലതന്നെ നടത്തി. ഇങ്ങനെ സഭയുടെ ശൈശവംമുതല്ക്കേ ലോകമഹാശക്തികൾ അതിനോടു സമരമാരംഭിച്ചുവെന്നു പറയാം. പതിനാറാം നൂററാണ്ടിൽ, ഇംഗ്ലണ്ടിലെ രാജാവായിരുന്ന ഹെൻറി എട്ടാമൻ പാപ്പാധികാരപ്രതിഷേധപരമായ വിപ്ലവം—ആളവനപ്രകീർത്തിത മതപരിവർത്തനം—ഇംഗ്ലണ്ടിൽ നടത്തി സഭയെ ഭയപ്പെടുത്തി. എന്നാൽ സഭയ്ക്ക് അതുകൊണ്ടു ഒന്നും പററിയില്ല. ലൂതർ ആദിയായവരുടെ സഭാവിദ്വേഷപരമായ സിദ്ധാന്തങ്ങൾകൊണ്ടും യാതൊരു കോട്ടവും തട്ടിയില്ല. ഫ്രഞ്ചു വിപ്ലവകാലത്തെ മതോച്ചാടനസംരംഭവും, അടുത്ത കാലത്തു മെക്സിക്കോയിൽ നടക്കുന്ന മതപീഡനവും, ഇപ്പോൾ റഷ്യായിൽ (മററുരാജ്യങ്ങളിലും ഇല്ലെന്നല്ല) നടമാടിക്കൊണ്ടിരിക്കുന്ന ഈശ്വരാസ്തിക്യാവഹേളനവും എല്ലാം കത്തോലിക്കസഭയോടുള്ള വിദ്വേഷത്തെയാണ് പ്രകടമാക്കുന്നത്. സഭയാകട്ടെ, അന്യാദൃശമായ സഹനശീലത്തോടും സൗഹാർദ്ദത്തോടുംകൂടി ഓരോ മതപീഡനത്തേയും എതിർത്തു പൂർവ്വവൽ പരിപുഷ്ടിയെ പ്രാപിച്ചു വരുന്നു. അക്രൈസ്തവ റോമൻ സാമ്രാജ്യത്തെ ആ ശൈശവദശയിൽ എതിർത്തു നില്ക്കുവാൻ സാധിച്ച സഭാമാതാവിനുണ്ടോ ആധുനിക ലോകത്തിന്റെ അക്രൈസ്തവനാഗരികതയെ ദൂരീകരിക്കുവാൻ കഴിവില്ലാതെ പോകുന്നു. അന്നത്തേപ്പോലെ പീഡനങ്ങൾ ഇന്നും അവൾക്കുണ്ടായിക്കൊണ്ടിരിക്കുന്നു. ലോകാവസാനംവരെ ഇനി ഉണ്ടായിക്കൊണ്ടിരിക്കയും ചെയ്യും. എന്നാലും 'നരകവാതില്കൾ അതിനെ ജയിക്കയില്ല,' നിശ്ചയം.

കത്തോലിക്കസഭയോടു കാട്ടിയ നാശകരശക്തികളുടെയെല്ലാം എതിർപ്പ്, ലോകത്തിന്റെ പൊതുനന്മയ്ക്കു സഹായകമായി ഭവിച്ചതല്ലാതെ, സഭയ്ക്കു ഹാനികരമായിത്തീർന്നില്ല. ഓരോ എതിർപ്പും സഭയെ അതിന്റെ യഥാർത്ഥ രൂപത്തിൽ ലോകത്തിനു വെളിപ്പെടുത്തി കൊടുത്തു. തന്മൂലം കത്തോലിക്കാ മതാദർശങ്ങൾ അല്പാല്പമായി ആസ്വദിക്കുന്നതിനു, ഭണ്ഡാരാ ലോക

ത്തിൽ പലേ പരിവർത്തനങ്ങൾ ഉണ്ടാകുന്നതിനും സംഗതിയായി. പൗരാണിക ലോകത്തിൽ സ്ത്രീകളും കുട്ടികളും അനുഭവിച്ചിരുന്ന അതിദയനീയാവസ്ഥയിൽനിന്നും അവരെ സഭ സമുദ്ധരിച്ചു; പവിത്രമായ വിവാഹബന്ധത്തിന്റെ അഭേദ്യതയാണ് സമുദായാഭിവൃദ്ധിക്കു നിദാനമായിരിക്കുന്നത് എന്നു ലോകത്തെ ഉൽബോധിപ്പിച്ചു; സന്താനനിയന്ത്രണത്തെ അതിശക്തിയായി പ്രതിരോധിച്ചു; ശാസ്ത്രങ്ങളെയും കലകളെയും വേണ്ടവിധം പരിപോഷിപ്പിച്ചു. ഇങ്ങനെ ലോകം സഭയാൽ സംസ്കരിക്കപ്പെട്ടതല്ലാതെ, ലോകത്തിന്റെ കുതന്ത്രങ്ങൾക്കും പീഡനങ്ങൾക്കും സഭ വശംവദയായില്ല. എതിർക്കപ്പെട്ടിടങ്ങളിലെല്ലാം നവചൈതന്യത്തോടെ സഭ വളർന്നുവന്നു. ഭൂമുഖത്തുനിന്നും സഭയെ നിഷ്കാസനം ചെയ്വാൻ സർവ്വയത്നവും ചെയ്ത റോമാരാജ്യത്തുതന്നെയാണ്—പാപ്പാമാരുൾപ്പെടെ അനേകം ക്രൈസ്തവ രക്തസാക്ഷികളുടെ രക്തത്താൽ പരിപൂതമായിത്തീർന്നിട്ടുള്ളതും, സ്മരണാർഹങ്ങളായ അനേകം സംഭവങ്ങളാൽ ചരിത്രപ്രസിദ്ധി നേടിയിട്ടുള്ളതുമായ ആ റോമായിൽ തന്നെയാണ്—കത്തോലിക്കാ ലോകത്തിന്റെ കേന്ദ്രസ്ഥാനം പ്രതിഷ്ഠാപിതമായിരിക്കുന്നത് എന്ന വസ്തുത ഇതിനു മതിയായ സാക്ഷ്യം വഹിക്കുന്നുവല്ലൊ. അതിനാൽ വേദഞെരുക്കങ്ങൾ സഭയെ ക്ഷതപ്പെടുത്തുകയല്ല, പ്രത്യുത, ബലപ്പെടുത്തുകയാണ് ചെയ്യുന്നത്. രക്തസാക്ഷികളുടെ രുധിരം ചൊരിയപ്പെട്ട ദേശങ്ങളിൽ സഭയുടെ വളർച്ച് അനുപമമായ ശക്തിയോടുകൂടിയതാണെന്നാണ് സഭ നമ്മെ പഠിപ്പിക്കുന്ന വലിയ പാഠം.

ലോകത്തിൽ മഹദ്വ്യക്തികൾ ഒന്നുംതന്നെ നിലനില്ക്കുന്നില്ല. ഭൗതികവസ്തുക്കളെല്ലാം ക്ഷണഭംഗുരങ്ങളാണ്. രാജ്യങ്ങൾ എന്നുവേണ്ട, സാമ്രാജ്യങ്ങൾപോലും നശ്വരങ്ങളായി ഭവിക്കുന്നു; അതുകളുടെ ഉദയവും അസ്തമനവും അടിയ്ക്കടി നടന്നുകൊണ്ടിരിക്കുന്നു. എന്നാൽ കത്തോലിക്കാ സാമ്രാജ്യമാകട്ടെ, നിത്യജീവൻ കൈവരിച്ചുകൊണ്ടു, അക്ഷയഭാസ്സോടുകൂടി ലാലസിക്കുന്നു. നരകവാതിലുകൾ അതിനെ ജയിക്കുക അസാദ്ധ്യംതന്നെ.

മേടമാസത്തെ

# പൊതുനിയോഗം.

മനുഷ്യരക്ഷയുടെ സഹപ്രവൎത്തകയായ

ദൈവജനനിയുടെനേൎക്കുള്ള ഭക്തി.

മനുഷ്യകുലരക്ഷകനായ മിശിഹായുടെ പരിത്രാണ ജോലിയിൽ സഹകരിച്ചിട്ടുള്ളവരിൽ പ്രഥമസ്ഥാനം ദേവമാതാവിനാണല്ലോ. ദേവമാതാവിൻെറ ക്ലേശപൂൎണ്ണമായ ഐഹികജീവിതം നമ്മുടെ നിത്യരക്ഷയെ ത്വരിതപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളതു്. തന്നിമിത്തം ദേവമാതാവിനോടു നമുക്കുള്ള കടമ ഒരിക്കലും തീൎത്താൽ തീരാവുന്നതല്ല. ദേവമാതാവിനോടുള്ള ഭക്തി നിത്യരക്ഷയുടെ അടയാളമാണെന്നു വിശുദ്ധന്മാർ മനസ്സിലാക്കി പ്രവൃത്തിച്ചിരുന്നു. നമ്മളും വിശുദ്ധന്മാരെ അനുകരിച്ചു പ്രവൃത്തിക്കുന്നതായാൽ നമ്മുടെ രക്ഷയും സുരക്ഷിതമാകുമെന്നുള്ളതിനു സംശയമില്ല. അതുകൊണ്ടു ദേവമാതാവിനോടുള്ള ഭക്തി എല്ലാവരിലും ദൃഢമൂലമായിത്തീരുന്നതിനുവേണ്ടി തിരുഹൃദയസഭക്കാർ ഈ മാസത്തിൽ പ്രത്യേകം പ്രാൎത്ഥിക്കേണ്ടതാണ്.

---

# കുറിപ്പുകൾ.

൧൯൩൦ മുതൽ ആഫ്രിക്കായിലെ ഡെലഗേററ് അപ്പസ്തോലിക്കയായിരുന്നശേഷം ഈയിടെ ജോലിയിൽനിന്നു വിരമിച്ചയാളും സാർഡീസിൻെറ തിത്തുലർ മെത്രാപ്പോലീത്തായുമായ റൈററ് റവ. മോൺ. ആർതർ ഹിൻസ്ലി ഡി. ഡി. യെ പരേതനായ കൎദ്ദിനാൾ ബൂൺ തിരുമനസ്സിലെ പിൻഗാമിയായി, വെസ്റ്റമിനിസ്റ്റർ മെത്രാപ്പോലീത്തായായി, മാൎപ്പാപ്പാ തിരുമനസ്സുകൊണ്ടു നിശ്ചയിച്ചിരിക്കുന്നു.

പരേതനായ മദ്രാസ് മെത്രാപ്പോലീത്തായുടെ പിൻഗാമിയായി ഷില്ലോംഗ് മെത്രാനായ റൈററ് റവ. മോൺ. ലൂയിസ് മത്തിയാസ് ഡി. ഡി. അവർകളെ നിയമിച്ചിരിക്കുന്നു.

സ്ഥാനത്യാഗംചെയ്ത വരാപ്പുഴമെത്രാപ്പോലീത്താ നി. വ. ദിവ്യശ്രീ ഡോക്ടർ എയിഞ്ചൽ മേരി തിരുമനസ്സുകൊണ്ടു ഈ മാൎച്ച് ൨൫-ാം തീയതി കൊച്ചിയി

ത്തിനു സ്പെയിനിലേക്കും ചങ്ങനാശ്ശേരി മെത്രാനച്ചൻ നി. വ. ദിവ്യശ്രീ ഡോക്ടർ ജെയിംസ് കാളാശ്ശേരി തിരുമനസ്സുകൊണ്ടു ഏപ്രിൽ ൧൧-ാം തീയതി ബോംബെയിൽനിന്നു ലൂർദ്ദിലേയ്ക്കും കപ്പൽകയറിയിരിക്കുന്നു.

അഭിപ്രായത്തിനായി അയച്ചുതന്ന 'ഞാൻകണ്ട കന്യാമഠം' 'വി. വിൻസെൻറ ഡി. പോൾ' 'വിശുദ്ധവാരം' എന്നീ പുസ്തകങ്ങൾ നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു.

പാലയൂർ ഇടവക ചക്കാന്മാക്കിൽ പാലായിൽ ചാക്കുണ്ണി മകൻ ഉക്രു 1935 ജനുവരി 1-ാംനു- ചൊവ്വാഴ്ച കാലത്തു് എട്ടു മണിക്കു 75-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു പരേതൻെറ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം. R. I P.

## ഉപകാരസ്മരണ.

അസാദ്ധ്യമെന്നു കരുതിയിരുന്ന പരീക്ഷാഫലം ഔസേപ്പു പിതാവിൻെറ മാദ്ധ്യസ്ഥത്താൽ വിജയകരമായി പരിണമിച്ചതിനു നന്ദിസൂചകമായി ഒരു ഉറുപ്പിക അയക്കുന്നു. *Tresa Valavil.*

---


# SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

## യോഗേശ ചന്ദ്രഘോസ്സ്, എം. എ., എഫ്. സി. എസ്സ്.

ആയുർവ്വേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ.

ഔഷധപ്പട്ടിക ആവശ്യക്കാർക്കു വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൗജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

**മകരദ്ധ്വജ** (സ്വർണ്ണസിന്ദൂരം.) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വർദ്ധിപ്പിച്ചു ജീവിതം സന്തോഷമുള്ളതാക്കിത്തീർക്കുന്നു.

ഒരു രൂപാത്തൂക്കത്തിനു് ക. ൪

**ശാരിബാദിസരസാ.** ഇതു് ഉഷ്ണപ്പുണ്ണിനു് കൈകണ്ട മരുന്നാണു. രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദുഷ്ട്യാ ഇവയെല്ലാം വിശേഷപ്പെട്ടതു്. ഒരുസേറിനു ക. ൩

**സുഖര സഞ്ജീവനി.** ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിനു ക. ൧൧

**അബലബാന്ധവയോഗം:-** ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആർത്തവ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ൧൧ തവണ സേവിപ്പാനുള്ള ഒരു കുപ്പിക്കു വില ക. ൨. അമ്പതിനു ക. ൭.

# പ്രസിദ്ധ ഔഷധങ്ങൾ.




## Malariana മലേറിയാനാ.

ഈ കീൎത്തിപ്പെട്ട ഔഷധം മലമ്പനി, വിറപ്പനി, ശീതപ്പനി, കന്നാരാടൻ പനി. മുറപ്പനി മുതലായ എല്ലാവിധ പനികളെ മാററുകയും, പ്ലീഹോദരം എന്ന വയററിൽ ഉണ്ടാകുന്ന വീക്കത്തെ ഉരുക്കിക്കളഞ്ഞു സമ്പൂൎണ്ണസുഖത്തെ നല്കുകയും ചെയ്യുന്നതിന്നു ഇതു് ഒരു പ്രസിദ്ധ ഔഷധമാകുന്നെന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നതാകുന്നു. വില 8 ഔൺസിന്നു 1 ക. 8 ണ; 1 ഡജന്നു 16 ക. 8 ണ; 4 ഔൺസിന്നു 14 ണ; 1 ഡജന്നു 9 ക. 12 ണ;

**SYRUP SARSAMOGA.** രക്തശുദ്ധീകര ഔഷധം.

ശരീരം മുഴുവനും ചൊറി, ചിരങ്ങ്, കുരു, വ്രണം. വീക്കം മുതലായ രക്തദൂഷ്യത്താലുണ്ടാകുന്ന സകലപീഡകളെയും ശമിപ്പെടുത്തി, ശരീരത്തെ കാന്തിയും, ശോഭയുമുള്ള സ്വൎണ്ണമയമാക്കുവാൻ ശക്തിയുള്ള ഒരു പ്രാണസ്നേഹിതനാണ് സിറപ് സർസ്സ അമോഗ. വില 8 ഔൺസിന്നു 3 ക. 8 ണ. ചെറിയ കുപ്പി 1ക്കു 1 ക. 14 ണ.

**BABYTONE.** ഗ്രഹണിഅന്തക.

ഗ്രഹണി എന്ന ദീനത്താലോ ജീൎണ്ണകോശക്രമക്കേടു കൊണ്ടോ ശരീരം മെലിഞ്ഞു എല്ലും തോലും മാത്രം ഉള്ള കുട്ടികളെ ബേബിടോൺഎന്ന ഔഷധപ്രയോഗത്താൽ ക്ഷണത്തിൽ കൈകാലുകൾക്കും, ഞരമ്പുകൾക്കും രക്തചലനവും ശക്തിയും വരുത്തി ദീൎഘം കാത്തുരക്ഷിക്കുന്നവളായ ഉത്തമ മാതാവത്രെ. വില 4 ഔൺസിന്നു 1 ക. 4 ണ.

**EAR OIL.** ചെവി ചോരുന്നതിന്നു.

ചെവിട്ടിൽ വേദനയുണ്ടായി ചെവികേളായ്ക, ചെവിയിൽനിന്നു ചലംവാരുക, നാററം പുറപ്പെടുക എന്നിങ്ങനെ പലതരമുള്ള ദീനങ്ങളെയും ഇയർഓയിൽ എന്ന എണ്ണ സുഖപ്പെടുത്തുന്നതാകുന്നു. വില ½ ഔൺസിന്നു 8 ണ; 1 ഔൺസിന്നു 14 ണ.

**SYRUP CARDUS.** പിത്തഹരഔഷധം.

ഉറക്കമില്ലായ്മ, തലതിരിച്ചൽ, പിത്തം ഛർദ്ദിക്കൽ, കൈകാൽതളൎച്ച, ശരീരം കഴയ്ക, മലമൂത്രങ്ങളുടെ അക്രമം, നെഞ്ഞുനീറൽ ഇവയെല്ലാം ഗൃഹഹിംസകന്റെ പീഡകളല്ലയോ? എന്നാൽ ഈ സിരപ കരള് ഗ്രന്ഥൻ ഏന്നവയുടെ എല്ലാം കേടുകളെയും നിരാകരിച്ചു ശരീരത്തിന്നു പുഷ്ടിയും ആരോഗ്യവും വൎദ്ധിപ്പിക്കുന്ന ഒരു മിത്രമാണെന്നതിന്നു സംശയമില്ല. വില 8 ഔൺസിന്നു 3 ക. 8 ണ ചെറിയ കുപ്പി 1ക്കു 1 ക. 14 ണ.

**RINGWORM BALM.** തക്കരോഗത്തിന്നു

ശരീരത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന പുഴക്കടി, തഴുതണം, വരട്ടചൊറി, ചിരങ്ങ്, വ്രണം, ചുണങ്ങ് എന്നിവയെ ക്ഷണത്തിൽ സുഖപ്പെടുത്തും. വില ഡബ്ബി 1ന്നു 5 ണ; 1 ഡജന്നു 3 ക.

ചികിത്സസംബന്ധമായ പുസ്തകം സൌജന്യമായി ആവശ്യക്കാൎക്കു അയച്ചുകൊടുക്കുന്നതാണ്. ഇതിന്നുപുറമെ ഹോമിയോപ്പതിയും ടിഞ്ചുമരുന്നുകളും ആവശ്യംപോലുണ്ടു.

THE MALARIANA Co.
8 Hampankatta,
Mangalore S. K.

ദി മലേറിയാനാ കമ്പനി,
8 ഹംപൻകട്ട,
മംഗലാപുരം.

Reg. No. C. 130.

# പഞ്ചാംഗം.

| ൧൧൧൦ | മേടം - ഇടവം. | | | മെയ് ൧൯൩൫. |
|---|---|---|---|---|
| ൧൮ | 1 | ബു. | വി. | പീലി. യാക്കോ. ശ്ലീ. |
| ൧൯ | 2 | വ്യാ. | വി. | അത്തനാസി. |
| ൨൦ | 3 | വെ. | വി. | സ്ലീവാ കണ്ടെടുത്ത. |
| ൨൧ | 4 | ശ. | വി. | മോനിക്കാ. |
| ൨൨ | 5 | ഞാ. | ✠ | വി. അഞ്ചെല്ലൂസ്. |
| ൨൩ | 6 | തി. | വി. | എവോ. യൂസ്. |
| ൨൪ | 7 | ചൊ. | വി. | സ്താനിസ്ലാവോ. വേദ. |
| ൨൫ | 8 | ബു. | വി. | ദെനീസ്സ് മെ. |
| ൨൬ | 9 | വ്യാ. | വി. | ഗ്രിഗോ നസാൻ. |
| ൨൭ | 10 | വെ. | വി. | അന്തോനീസ്. |
| ൨൮ | 11 | ശ. | വി. | മമെർത്തോസ്. |
| ൨൯ | 12 | ഞാ. | ✠ | വി. യൗ. മാദ്ധ്യസ്ഥം. |
| ൩൦ | 13 | തി. | വി. | ലൂഷ്യസ്. |
| ൩൧ | 14 | ചൊ. | വി. | ബൊനിഫാസി |
| ൧ | 15 | ബു. | വി. | ലെഓൻ. |
| ൨ | 16 | വ്യാ. | വി. | ശെമഓൻസ്തോക്ക്. |
| ൩ | 17 | വെ. | വി. | പാസ്കൽ ബൈലൊ. |
| ൪ | 18 | ശ. | വി. | വെനന്തു. |
| ൫ | 19 | ഞാ. | ✠ | വി. പത്രോ. സെലസ്റ്റി. |
| ൬ | 20 | തി. | വി. | ബെർണാർദ്. |
| ൭ | 21 | ചൊ. | വി. | ഹൊസ്പീസിയ. |
| ൮ | 22 | ബു. | വി. | ൪൦ വേദസാക്ഷികൾ. |
| ൯ | 23 | വ്യാ. | വി. | ദെ ഫിദേറിയൂസ്. |
| ൧൦ | 24 | വെ. | വി. | ആഫ്റാ. |
| ൧൧ | 25 | ശ. | വി. | മറി. മഗ്ദ. ദ് പാസി. |
| ൧൨ | 26 | ഞാ. | ✠ | വി. ഫിലിപ്പ് നേരി. |
| ൧൩ | 27 | തി. | വി. | ഗ്രിഗോരി. |
| ൧൪ | 28 | ചൊ. | വി | അഗുസ്തീനോസ് മെ. |
| ൧൫ | 29 | ബു. | വി. | കോനോൻ. |
| ൧൬ | 30 | വ്യാ. | ✠ | ന. ക. സ്വർഗ്ഗാരോഹണം. |
| ൧൭ | 31 | വെ. | വി. | ആഞ്ചെല. |

✠ എല്ലാവർക്കും കടമുള്ള ദിവസം.

Printed at the "Little Flower" Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA.